# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## അമ്പൂരി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.2/112/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 28/01/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
അമ്പൂരി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം./ജി.പി.2/112/2022 തീയ്യതി: 28/01/2022

## തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീജ. കെ. | ഓഡിറ്റ് ഓഫീസർ | 06-11-2021 | 15-11-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-11-2021 | 15-11-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീമതി.സിന്ധുലാബീവി എം .ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ് )
ശ്രീ.ജസ്റ്റിൻ രാജ് റ്റി .എസ് ,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി രേഖ സി.എസ് , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി തനൂജ എം. എൻ , സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ. ലിപു എസ്. ലോറൻസ് , ഓഡിറ്റർ
ശ്രീ. രഞ്ജിത്ത്.സി , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| A | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രവീൺ | എ.ഇ | 01-04-2019 | 31-03-2020 |
| ഡോ . ഷീന പീറ്റർ | മെഡിക്കൽ ഓഫീസർ, ആയുർവേദ | 01-04-2019 | 31-03-2020 |
| ഡോ അജിത്ത് | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 01-04-2019 | 09-06-2019 |
| ഡോ. രവികുമാർ എം എൽ | മെഡിക്കൽ ഓഫീസർ ,ഹോമിയോ | 10-06-2019 | 31-03-2020 |
| ഡോ.നവജീവൻ | മെഡിക്കൽ ഓഫീസർ, എഫ് എച്ച് സി അമ്പൂരി | 01-04-2019 | 26-07-2019 |
| ഡോ. പ്രദീപ് | മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി. അമ്പൂരി | 27-07-2019 | 31-03-2020 |
| സമ്പത്ത് | വി.ഇ.ഒ | 01-04-2019 | 02-04-2019 |
| പുഷ്പ | വി.ഇ.ഒ | 01-04-2019 | 30-06-2019 |
| ദിനു | വി.ഇ.ഒ | 01-07-2019 | 31-03-2020 |
| രാജേഷ് പി.ജെ | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. രഞ്ജിത്ത് .ആർ | വെറ്റിനറി സർജൻ | 01-04-2019 | 26-09-2019 |
| തങ്കമണി. ആർ | വെറ്റിനറി സർജൻ | 28-09-2019 | 16-11-2019 |
| ഡോ. എസ്. ബൈജു | വെറ്റിനറി സർജൻ | 17-11-2019 | 12-12-2019 |
| ഡോ. രഞ്ജിത്ത് .ആർ | വെറ്റിനറി സർജൻ | 12-12-2019 | 31-03-2020 |
| ഷീല ഐ. ജി | ഹെഡ്മിസ്ട്രെസ് | 01-04-2019 | 31-03-2020 |
| പാർവ്വതി കൃഷ്ണൻ | ഐ .സി.ഡി.എസ് | 01-10-2019 | 30-10-2020 |

| | | | |
|---|---|---|---|
| | സൂപ്പർവൈസർ | | |
| വിജയശ്രീ | ഐ .സി.ഡി.എസ് സൂപ്പർവൈസർ | 01-01-2019 | 30-09-2020 |
| സുമ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2019 | 31-03-2020 |
| ഡോ.അനു ശിവൻ | വെറ്ററിനറി സർജൻ | 26-09-2019 | 27-09-2019 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: THANUJA M.N. (Senior Grade Auditor, On 30-11-2021)<br>Last Updated By: K Sreeja (Deputy Director, On 28-01-2022) | 1-1 |
| 2 | അക്കൗണ്ട്സ് പരിശോധനയിലെ അപാകങ്ങൾ<br>Written By: THANUJA M.N. (Senior Grade Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-01-2022) | 1-2 |
| 3 | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന<br>Written By: THANUJA M.N. (Senior Grade Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-4 |
| 5 | 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-01-2022) | 1-5 |
| 6 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം-<br>Written By: Sindhulabeevi.V.M (Audit Officer (HG), On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-8 |
| 9 | MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-8-1 |
| 10 | ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-01-2022) | 1-8-2 |
| 11 | റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-8-3 |
| 12 | മാർഗ്ഗരേഖ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-8-4 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-01-2022) | 1-9 |
| 14 | ക്യാൻസൽഡ് റെസീപ്റ്റ്സ് സൂക്ഷിക്കുന്നതിലെ അപാകങ്ങൾ<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-10 |
| 15 | ലേല നടപടികൾ - അപാകങ്ങൾ<br>Written By: Sindhulabeevi.V.M (Audit Officer (HG), On 10-01-2022)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 10-01-2022) | 1-11 |
| 16 | ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല.<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-11-1 |

| | | |
|---|---|---|
| 17 | ലേല ഉടമ്പടി സൂക്ഷിക്കുന്നില്ല<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-01-2022) | 1-11-2 |
| 18 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-01-2022)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 13-01-2022) | 1-12 |
| 19 | ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ലൈസൻസ് നൽകിയിട്ടില്ല<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-12-1 |
| 20 | അപേക്ഷ സമർപ്പിക്കാത്തവർക്കും ലൈസൻസ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-12-2 |
| 21 | വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ കൃത്യമായി നടപ്പിലാക്കുന്നില്ല<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-13 |
| 22 | കെട്ടിട വാടക ഈടാക്കുന്നില്ല<br>Written By: Renjith C (Auditor, On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-14 |
| 23 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 06-01-2022) | 1-15 |
| 24 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-16 |
| 25 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-17 |
| 26 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-18 |
| 27 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-19 |
| 28 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-20 |
| 29 | പദ്ധതി നിർവ്വഹണത്തിലുണ്ടായ 29681/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-21 |
| 30 | സുരക്ഷാ സംവിധാനങ്ങളും ലൈസൻസുമില്ലാത്ത വള്ളം ജനങ്ങളുടെ ജീവന് ഭീഷണി<br>Written By: Lipu Lawrence (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-22 |
| 31 | കടത്ത് നടത്തിപ്പിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-22-1 |
| 32 | വാഹന പരിപാലനത്തിലെ അപാകതകൾ | 1-23 |

| | | |
|---|---|---|
| | Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | |
| 33 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 20-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-24 |
| 34 | കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തികരിച്ചില്ല - പിഴ ഈടാക്കിയില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-25 |
| 35 | വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.<br>Written By: Sindhulabeevi.V.M (Audit Officer (HG), On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-26 |
| 36 | മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇല്ലാതെ ബില്ലുകൾ മാറുന്നു-<br>Written By: Sindhulabeevi.V.M (Audit Officer (HG), On 19-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-27 |
| 37 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-01-2022)<br>Last Updated By: Sindhulabeevi.V.M (Audit Officer (HG), On 13-01-2022) | 1-28 |
| 38 | കൃഷി ഓഫിസർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്<br>Written By: THANUJA M.N. (Senior Grade Auditor, On 01-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-29 |
| 39 | കന്നുകുട്ടി പരിപാലനം(വനിത) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 312500/-രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-30 |
| 40 | മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-31 |
| 41 | പോത്തുകുട്ടി വളർത്തൽ രേഖകൾ ലഭ്യമായില്ല -16000/- തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-32 |
| 42 | പെണ്ണാട് വളർത്തൽ (വനിത)-പദ്ധതി നടത്തിപ്പിലെ അപാകതകൾ - 150000/-രൂപ തടസ്സപ്പെടുത്തുന്നു<br>Written By: Rekha C S (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-33 |
| 43 | ക്ഷീര സമൃദ്ധി (ജനറൽ) - ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ<br>Written By: Rekha C S (Senior Grade Auditor, On 30-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-34 |
| 44 | ചീനിക്കാല നെടുപുല്ലി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - ചെലവിൽ പൊരുത്തക്കേട്<br>Written By: Lipu Lawrence (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-35 |
| 45 | പദ്ധതി നിർവ്വഹണം ഫലപ്രദമാകുന്നില്ല<br>Written By: Lipu Lawrence (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 13-01-2022) | 1-36 |
| 46 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല - 1693530/- രൂപ തടസ്സപ്പെടുത്തുന്നു. | 1-37 |

| | | |
|---|---|---|
| | Written By: Lipu Lawrence (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | |
| 47 | സൻസദ് ആദർശ് ഗ്രാം യോജന - അക്കൗണ്ടിംഗ് അപാകങ്ങൾ<br>Written By: Lipu Lawrence (Auditor, On 18-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-38 |
| 48 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-39 |
| 49 | അങ്കണവാടികളുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-40 |
| 50 | വൃദ്ധർക്ക് കട്ടിൽ പദ്ധതി - നടപടിക്രമത്തിൽ വീഴ്ച<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 1-41 |
| 51 | ഐ സി ഡി എസ് - ആസൂത്രണം ചെയ്ത പദ്ധതികൾ മുഴുവൻ നടപ്പാക്കുന്നില്ല<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-01-2022) | 1-42 |
| 52 | അങ്കണവാടി പൂരകപോഷകാഹാര പദ്ധതി - ചെലവ് രേഖകളിൽ പൊരുത്തക്കേട്<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-43 |
| 53 | പാലിയേറ്റീവ് കെയർ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്<br>Written By: Lipu Lawrence (Auditor, On 22-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 1-44 |
| **ഭാഗം 2** | | |
| 1 | ഇല്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 01-12-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-01-2022) | |
| **ഭാഗം 3** | | |
| 1 | പദ്ധതി നിർവ്വഹണത്തിലുണ്ടായ 29681/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 4-2 |
| 3 | മൊബലൈസേഷൻ അഡ്വാൻസ്<br>Written By: Rekha C S (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Rekha C S (Senior Grade Auditor, On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 4-4 |
| 5 | സ്ഥിര നിക്ഷേപം<br>Written By: Rekha C S (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6. |

| | | |
|---|---|---|
| | Written By: Rekha C S (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Rekha C S (Senior Grade Auditor, On 29-11-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 4-7 |
| 8 | ചാർജ് സർചാർജ് നടപടികളുടെ വിവരം<br>Written By: Rekha C S (Senior Grade Auditor, On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 10-01-2022) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-12-2021)<br>Last Updated By: K Sreeja (Deputy Director, On 28-01-2022) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Sindhulabeevi.V.M (Audit Officer (HG), On 13-12-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 07-01-2022) | 4-10 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

അമ്പൂരി ഗ്രാമ പഞ്ചായത്ത് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ 21.02.2019ലെ തീരുമാനം 1/1നമ്പർ തീരുമാന പ്രകാരം 2019-20 വർഷത്തെ ബജറ്റ് തയ്യാറാക്കിയത് അംഗീകരിക്കുകയും ആയത് പാസ്സാക്കുന്നതിന് പഞ്ചായത്ത് കമ്മറ്റിയോട് ശുപാർശ ചെയ്യുകയും ചെയ്തു. ഇതനുസരിച്ച് മുൻബാക്കി 7210364/- രൂപയും, പ്രതീക്ഷിത വരുമാനം 270438000/-രൂപയും ചേർത്ത് ആകെ വരവ് 277648364/-രൂപയും ആകെ ചെലവ് 274279483/-രൂപയും നീക്കിബാക്കി 3368881/-രൂപയും ആണ്. ഇതിനെ തുടർന്ന് പഞ്ചായത്ത് ഭരണസമിതിയുടെ 27.02.2019ലെ തീരുമാനം 1(1) പ്രകാരം 2019-20 വർഷത്തെ ബജറ്റ് അംഗീകരിച്ചു.

**ബഡ്ജറ്റ് രൂപീകരണം സംബന്ധിച്ച്**

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ (ഓഡിറ്റ് എൻക്വയറി 06നുള്ള മറുപടി പ്രകാരം ) ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | സമയം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം (തീയതി ഉൾപ്പെടെ ) |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2018 ഡിസംബർ 15-ന് മുൻപ് | ലഭ്യമല്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനുവരി 15-ന് മുൻപ് | |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2019ജനുവരി 25-ന് മുൻപ് | |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2019ഫെബ്രുവരി 1-ന് മുൻപ് | |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2019ഫെബ്രുവരി 28-ന് മുൻപ് | |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2019മാർച്ച് 1-ന് മുൻപ് | |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി | 2019മാർച്ച് 7-ന് മുൻപ് | |

| | | | |
|---|---|---|---|
| | പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | | |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2019മാർച്ച് 31-ന് മുൻപ് | |

വിവിധ സ്റ്റാന്റിംഗ് കമ്മറ്റികളുടെ മിനിട്ടിസ് പരിശോധിച്ചതിൽ ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ യോഗം ചേർന്നതിന്റെ രേഖകൾ ലഭ്യമായില്ല. സ.ഉ(സാധാ)നം.3291/2016/തസ്വഭവ തിയ്യതി 02.12.2016 പ്രകാരമുള്ള ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് മാന്വൽ അനുസരിച്ച് പദ്ധതിയേതര നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനും ക്രോഡീകരിക്കുന്നതിനും ബജറ്റ് തയ്യാറാക്കുന്നതിനും സമയക്രമം നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ബജറ്റ് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ വീഴ്ച വരുത്തിയതായി കാണുന്നു. നിയമം അനുശാസിക്കും വിധം സമയ പരിധിയോടെ ബഡ്ജറ്റ് നടപടിക്രമങ്ങൾ പാലിക്കുന്നതിനും, ബന്ധപ്പെട്ട ഫയൽ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കുന്നതിനും, മേൽ അപാകതകൾ പരിഹരിക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**<u>പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിച്ചിട്ടില്ല</u>** :- 02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/ എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം പാസാക്കിയ ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ ഖ.3.1(Ii) പ്രകാരം വാർഷിക ബജറ്റുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രധാന രേഖകൾ ബജറ്റ് ഡോക്യുമെന്റ് ആയി പ്രത്യേകം ഫയലിൽ സൂക്ഷിക്കേണ്ടതുണ്ട്.

1.ബജറ്റ് പ്രസംഗം

2.ബജറ്റ് കുറിപ്പുകൾ

3.പെർഫോമൻസ് ബജറ്റ്

ബജറ്റുമായി ബന്ധപ്പെട്ട ഫയലിൽ പ്രസ്തുത രേഖകൾ ഉൾപ്പെട്ടിട്ടില്ല. പ്രസ്തുത രേഖകൾ പരിശോധനയ്ക്കായി ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.35ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**<u>ബജറ്റ് അവലോകനം സംബന്ധിച്ച്</u>**

**<u>പ്രതിമാസ അവലോകനം</u>**

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളുടെ ബജറ്റ് സംബന്ധിച്ച ഫിനാൻസ് മാനേജ്മെന്റ് മാന്വൽ സർക്കാർ അംഗീകരിക്കുകയുണ്ടായി. ആയത് പ്രകാരം എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും എല്ലാ മാസവും 5-ാം തീയതിയ്ക്ക് മുൻപായി മാസം തോറുമുള്ള അവലോകന റിപ്പോർട്ടും വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതും, അതിന്റെ അടിസ്ഥാനത്തിൽ പട്ടിക 4-1, 4-2 എന്നിവ പ്രകാരം വരുമാനവും ചെലവും സംബന്ധിച്ച് മാസം തോറുമുള്ള അവലോകന റിപ്പോർട്ട് സെക്രട്ടറി ഗ്രാമപഞ്ചായത്തിന്റെ ഫിനാൻസ് സ്റ്റാന്റിംഗ് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതും, എല്ലാ മാസവും 10-ാം തീയതിക്ക് മുൻപായി ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മാസം തോറുമുള്ള അവലോകനം നിർവ്വഹിക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത അവലോകനത്തിന്റെ അടിസ്ഥാനത്തിൽ വിഭവ സമാഹരണത്തിന്റെയും ചെലവിന്റെയും പുരോഗതി സംബന്ധിച്ച പുരോഗതി റിപ്പോർട്ട്(മേൽ മാതൃകയിൽ) ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതും ആയത് ഒരു അജണ്ടയാക്കി ഗ്രാമപഞ്ചായത്ത് മീറ്റിംഗിൽ ചർച്ചയ്ക്ക് വിധേയമാക്കേണ്ടതുമാണ്. കൂടാതെ പ്രസിഡന്റ് മാസം തോറും നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം കൂടേണ്ടതും നിർവ്വഹണ പുരോഗതി വിലയിരുത്തേണ്ടതും അടുത്ത മാസത്തെ പ്രവർത്തന പദ്ധതി ചർച്ച ചെയ്യേണ്ടതുമാണ്. മാസം തോറുമുള്ള അവലോകനം സെക്രട്ടറി ഏകോപിക്കേണ്ടതുമാണ്. [ബജറ്റ് മാന്വൽ ഖണ്ഡിക 4-4].

**<u>വാർഷിക അവലോകനം</u>**

02.12.2016 ലെ ജി.ഒ(ആർ.റ്റി) നം. 3291/16/എൽ.എസ്.ജി.ഡി ഉത്തരവ് പ്രകാരം മേൽ വിവരിച്ച ഒരു മാതൃകയിൽ വരുമാനം/ചെലവ് സംബന്ധിച്ച വാർഷിക വിവരങ്ങൾ തയ്യാറാക്കി എല്ലാ വർഷവും ഏപ്രിലിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒരു വാർഷിക അവലോകനം നിർവ്വഹിക്കേണ്ടതും തുടർന്ന് സ്റ്റാന്റിംഗ് കമ്മിറ്റി

ശുപാർശകൾ സഹിതം വാർഷിക അവലോകന റിപ്പോർട്ട് ഗ്രാമപഞ്ചായത്ത് മുമ്പാകെ അവതരിപ്പിക്കേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5 വ്യക്തമാക്കുന്നു. പ്രതിമാസമുള്ളതും, വാർഷികവുമായ റിപ്പോർട്ടുകൾ പരിഗണിച്ച് ധനസമാഹരണം സംബന്ധിച്ചും സെക്രട്ടറി അടക്കമുള്ള നിർവ്വഹണ ഉദ്യോഗസ്ഥർക്ക് ആവശ്യമായ തുടർനിർദ്ദേശം ഗ്രാമപഞ്ചായത്ത് നൽകേണ്ടതാണെന്ന് ബജറ്റ് മാന്വൽ ഖണ്ഡിക 4-5(Xi) വ്യക്തമാക്കുന്നു. എന്നാൽ ഇത്തരത്തിൽ അവലോകനങ്ങൾ നടത്തിയിട്ടില്ല.

**ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും ചെലവ് ചെയ്തത് സംബന്ധിച്ച്.**

ബജറ്റ്, 2020-21 ലെ ബജറ്റിനൊപ്പം പാസാക്കിയ 2019-20ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് എന്നിവയിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ഹെഡ് ഓഫ് അക്കൌണ്ട്. (ബജറ്റ്) | ബജറ്റ് പ്രകാരമുള്ള തുക | റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് പ്രകാരമുള്ള തുക | പ്രസ്തുത ഇനത്തിൽ എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|---|
| 1 | കൃഷിയും അനുബന്ധ മേഖലയും - മറ്റ് വിളകൾ | 2501002 | 0 | 0 | 173220/- |
| 2 | മറ്റ് കൃഷിവികസന പരിപാടികൾ ജനറൽ | 2501003 | 0 | 0 | 112000/- |
| 3 | അനിമൽ ഹസ്ബന്ററി - ഇൻഫ്രാസ്ട്രക്ച്ചർ ജനറൽ | 2501039 | 159478/- | 159478/- | 181744/- |
| 4 | അനിമൽ ഹസ്ബന്ററി - ഇൻഫ്രാസ്ട്രക്ച്ചർ ജനറൽ | 2501040 | 105000/- | 105000/- | 235430/ |
| 5. | അനിമൽ ഹസ്ബന്ററി - റിലേറ്റഡ് ഫെസിലിറ്റി ജനറൽ | 2501041 | 0 | 0 | 105000/- |
| 6. | ഡയറി വികസനം- സംഭരണവും വിപണനവും-ജനറൽ | 2501046 | 0 | 0 | 200000/- |
| 7. | മൈനർ ഇറിഗേഷൻ- Providing Individual Faciliies- General | 2512004 | 0 | 0 | 150000/- |

ഏതൊരു ബജറ്റ് വ്യതിയാനവും ഗൗരവത്തോടെ കൈകാര്യം ചെയ്യേണ്ടതാണ്. ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും. ആവശ്യമായ ബജറ്റ് വകയിരുത്തൽ ഇല്ലാതെ യാതൊരു ചെലവും ചെയ്യാൻ പാടുള്ളതല്ലെന്ന് കേരളാ പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 214(6),214(8) എന്നിവയിൽ സൂചിപ്പിച്ചിട്ടുണ്ട്, ആയതിനാൽ മേൽ പട്ടികയിൽ പറയും പ്രകാരം ബജറ്റ് വിഹിതത്തിൽ കവിഞ്ഞുള്ള ചെലവ് നടത്തിയതിന് വിശദീകരണം ലഭ്യമാക്കുന്നതിനായി നൽകിയ ഓഡിറ്റ് എൻക്വയറി നം 35ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ വ്യത്യാസം സംബന്ധിച്ച്**

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവും എ.എഫ്.എസ്.പ്രകാരമുള്ള യഥാർത്ഥ വരവും തമ്മിൽ വലിയ അന്തരമുണ്ട്. ആയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | ബജറ്റ് പ്രകാരം | എ.എഫ്.എസ്.പ്രകാരം |
|---|---|---|---|
| 1 | വസ്തു നികുതി | 4000000 | 1499329 |

| | | | |
|---|---|---|---|
| 2 | തൊഴിൽ നികുതി(ജീവനക്കാർ) | 1500000 | 604640 |
| 3. | തൊഴിൽ നികുതി(സ്ഥാപനം) | | 133090 |
| 4. | സ്ഥലങ്ങളുടെയും കെട്ടിടങ്ങളുടെയും വാടക | 150000 | 76692 |
| 5. | ആഡിറ്റോറിയം ,ഹാൾ വാടക | 100000 | 0 |
| 6 | മറ്റ് വാടകകൾ | 50000 | 0 |
| 7 | ലൈസൻസ് ഫീസ് | 200000 | 91360 |
| 8 | പെർമിറ്റ് ഫീസ് | 150000 | 30294 |
| 9 | ബാങ്ക് നിക്ഷേപങ്ങളിൽ നിന്നുള്ള പലിശ | 175000 | 134916 |

**ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് പാസ്സാക്കാത്തത് സംബന്ധിച്ച്.**

പഞ്ചായത്ത് രാജ് നിയമത്തിലെ 214(6) വകുപ്പ് പ്രകാരം അനിവാര്യമായ ഒരു അടിയന്തിര സാഹചര്യത്തിലൊഴികെ ചെലവ് ചെയ്യുന്ന സമയത്ത് ബജറ്റ് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും പഞ്ചായത്തോ അഥവാ പഞ്ചായത്തിന് വേണ്ടിയോ ചെലവഴിക്കാൻ പാടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മാത്രമല്ല 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ബജറ്റിൽ വകയിരുത്താതെയും ബജറ്റിനെ അധികരിച്ചും തുക ചെലവഴിച്ചിട്ടുണ്ട്. പാസ്സാക്കിയ ബജറ്റിൽ നിന്ന് വ്യതിചലിച്ച് ചെലവ് ചെയ്യേണ്ട സാഹചര്യം പ്രതീക്ഷിക്കുന്നെങ്കിൽ അപ്രകാരം ചെലവ് ചെയ്യുന്നതിന് മുമ്പ് സപ്ളിമെന്ററി ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ അവതരിപ്പിക്കുകയും ഭരണസമിതി അംഗീകരിക്കുകയും വേണം(214(5)). എന്നാൽ അത്തരത്തിൽ സപ്ളിമെന്ററി ബജറ്റ് പാസ്സാക്കിയിട്ടില്ല. 2020-21-ലെ ബജറ്റിനൊപ്പം 2019-20-ലെ റിവൈസ്ഡ് ബജറ്റ് എസ്റ്റിമേറ്റ് മാത്രമാണ് പാസാക്കിയിട്ടുള്ളത്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം 35 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ബജറ്റ് സംബന്ധമായ മേൽ അപാകങ്ങൾക്ക്, സാധൂകരിക്കുന്ന വ്യക്തമായ മറുപടി നൽകേണ്ടതും, തുടർ വർഷങ്ങളിൽ പ്രസ്തുത അപാകങ്ങൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-2 അക്കൗണ്ട്സ് പരിശോധനയിലെ അപാകങ്ങൾ

1.2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2.ട്രയൽ ബാലൻസിന്റെ 93 ഹെഡുകളിൽ നീക്കിയിരുപ്പ് കോളത്തിൽ ഒരേ ഇനത്തിന് Debit, Credit കോളത്തിൽ തുക ചേർത്തിരിക്കുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക | |
|---|---|---|---|---|
| | | | Debit | Credit |
| 1 | 110200101 | ProfessionTax-Institution/ Professionals/ Traders | 5580 | 138670 |
| 2 | 160100101 | Development Fund General | 476395 | 9730044 |
| 3 | 160100103 | Development Fund Tribal Sub Plan | 32007 | 1780657 |
| 4 | 160100501 | General Purpose Fund | 9000 | 8007003 |
| 5 | 210100102 | Salaries Permanent Staff | 4487259 | 36000 |
| 6 | 210300102 | Pension Contributions-Permanent Staff | 368897 | 7164 |
| 7 | 230100101 | Electricity Charges For Street Lights | 916312 | 1493 |
| 8 | 251600501 | General Economic Services | 261484 | 8050 |
| 9 | 320100101 | Centrally Sponsored Scheme NREGA | 1541867 | 1543289 |

| | | | | |
|---|---|---|---|---|
| 10 | 320100121 | Centrally Sponsored Scheme ICDS | 671231 | 1787657 |
| 11 | 431100101 | Receivables For Property Tax On Residential Buildings(Current) | 1216232 | 1155301 |
| 12 | 431100104 | Receivables For Property Tax On Non Residential Buildings(Current) | 1005730 | 785837 |

450100101 മുതൽ 450420101 വരെയുള്ള എല്ലാ Head Of Accountകളിലും Debit, Credit കോളങ്ങളിൽ തുക ചേർത്തിട്ടുണ്ട്.

3.2018-19, 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ഒരേ തുകയാണ് നീക്കിയിരിപ്പായിട്ടുള്ളത്.

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1 | 320200305 | Grants, Funds & Contributions For Specific Purposes-Other Than Development Fund &State Sponsored | 948800 |
| 2 | 320200399 | Grants,Funds &Contributions For Specific Purposes-Other Than Development Fund &State Sponsored | 7104 |
| 3 | 320300103 | Grants,Funds &Contributions For Specific Purposes-Other Government Agencies-Total Sanitation | 18820 |
| 4 | 320700404 | Contributions For Other Specific Purposes-For Revenue Expenditure From Block Panchayats | 221000 |
| 5 | 320700405 | Contributions For Other Specific Purposes-For Revenue Expenditure From District Panchayats | 66960 |

23.01.17-ലെ ജി.ഒ(പി) 07/17/ധന നമ്പർ ഉത്തരവ് പ്രകാരം പ്രോജക്റ്റ് നിർവ്വഹണം നടത്താത്ത പക്ഷം പ്രസ്തുത പദ്ധതി സ്പിൽഓവർ ആയില്ലെങ്കിൽ നിർവ്വഹണം ഏറ്റെടുത്ത തദ്ദേശസ്ഥാപനം ജോയിന്റ് അക്കൗണ്ട് മാർച്ച് 31-ന് മുൻപ് റിക്കൺസിലിയേഷൻ നടത്തി ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കേണ്ടതുമാണ്. ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറാത്തതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 6/08 . 11.2021നുള്ള മറുപടിയിൽ മുൻവർഷങ്ങളിൽ വിവിധ പ്രോജക്ടുകൾക്കായി ലഭിച്ച തുകയിൽ ചെലവാകാതെ ബാക്കിയുള്ള തുകയാണിവയെന്ന് അറിയിച്ചിട്ടുണ്ട്. (320200305 ഹെഡിലെ 948800/- രൂപ എസ് റ്റി ഡിപാർട്ട്മെന്റ്/ഐ റ്റി ഡി പിയിൽ നിന്നും കിട്ടിയ 1100000/- രൂപയിൽ 09/04/2013 ചെലവായ 151200/- കഴിഞ്ഞുള്ള ബാക്കി തുകയാണ് 948800/- രൂപയെന്നും 02/07/2021 ൽ പ്രസ്തുത തുകയിൽ 945314/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.) ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശസ്ഥാപനത്തിന് കൈമാറേണ്ടതും അക്കൗണ്ട് സീറോ ബാലൻസ് ആക്കി രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

4.ബി-4 ഷെഡ്യൂൾ പ്രകാരം Beneficiary Contribution ഇനത്തിൽ 27860/- രൂപ നീക്കിയിരിപ്പുണ്ട്. ആയത് ഏത് പദ്ധതിയുമായി ബന്ധപ്പെട്ടതാണ്. ആയത് നീക്കിയിരിപ്പായതിന് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 06/8.11.2021നുള്ള മറുപടിയിൽ പല വർഷങ്ങളിലായി ഗുണഭോക്തൃവിഹിതത്തിൽ ബാക്കി വന്ന തുകയാണെന്ന് അറിയിച്ചിരിക്കുന്നു. Beneficiary Contribution ഇനത്തിൽ നീക്കിയിരിപ്പായ 27860/- രൂപ സ്പിൽ ഓവർ പദ്ധതികളായി നടപ്പിലാക്കി ചെലവഴിക്കാൻ വേണ്ട

നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം പ്രസ്തുത തുക ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

5.ബി 9 ഷഡ്യൂളിലെ Liability In Respect Of Stale Cheque ഇനത്തിലെ 135150/-രൂപ നീക്കിയിരിപ്പുണ്ട്. ആയത് വരുമാന ശീർഷകത്തിൽ മാറ്റുന്നതിനായി സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 06/8.11.2021-നുള്ള മറുപടിയിൽ അടുത്ത എ എഫ് എസിൽ നടപടി സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

6.ബാങ്ക് റികൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയിൽ കണ്ട ചെക്കുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു-

I)നൽകി മൂന്നു മാസത്തിൽ കൂടുതലായിട്ടും പണമാക്കാത്ത ചെക്കുകൾ Stale Cheque ശീർഷകത്തിൽ മാറ്റിയിട്ടില്ല.

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | വൗച്ചർനം/ തീയതി | ചെക്ക് നം / തീയതി | തുക |
|---|---|---|---|---|
| 1 | ട്രഷറി ടി എസ് ബി കാട്ടാക്കട,702011400000008 | 21900803/13.12.19 | 161889/12.12.19 | 849469/- |
| 2 | അമ്പൂരി സർവ്വീസ് കോ ഓപറേറ്റീവ് ബാങ്ക്,001001002034 | 21900756/03.12.19 | 1825131/02.12.19 | 4600/- |
| 3 | | 21800837/17.12.19 | 3523/16.12.19 | 1320/- |
| 4 | | 21800879/19.01.19 | 3070/18.12.19 | 558/- |
| 5 | | 21800317/23.07.18 | 00910/23.07.18 | 1500/- |
| 6 | | 21800514/14.09.18 | 00981/14.08.18 | 253/- |
| 7 | | 21801150/28.03.19 | 3333/27.03.19 | 1625/- |
| 8 | ഫെഡറൽ ബാങ്ക് (Own Fund ) /12290100201378 | 21900689/22.11.19 | 161886/22.11.19 | 171/- |
| 9 | | 21900690/22.11.19 | 161886/22.11.19 | 177/- |
| 10 | | 21900691/22.11.19 | 161886/22.11.19 | 177/- |
| 11 | | 21900692/22.11.19 | 161886/22.11.19 | 848/- |
| 12 | | 21900693/22.11.19 | 161886/22.11.19 | 143/- |
| 13 | | 21900694/22.11.19 | 161886/22.11.19 | 1032/- |
| 14 | | 21900138/22.05.19 | 161852/22.05.19 | 720/- |
| 15. | | 21800677/08.11.18 | 161562/08.11.18 | 195/- |
| 16. | | 21800678/08.11.18 | 161652/08.11.18 | 195/- |

**Ii)ചെക്ക് നിക്ഷേപിച്ച ബാങ്കിൽ ക്രെഡിറ്റായില്ല.**

| ക്രമ നം | ബാങ്കിന്റെ പേര്/ അക്കൗണ്ട് നം | വൗച്ചർനം/രസീത് നം,തീയതി | ചെക്ക് നം /തീയതി | തുക |
|---|---|---|---|---|
| 1 | അമ്പൂരി സർവ്വീസ് കോ ഓപറേറ്റീവ് ബാങ്ക്,001001002034 | 119010400003/02.11.19 | 614044/24.10.19(Airtel Mobile Tower Manager | 7823 |
| 2 | | 119010400004/02.11.19 | ,, ,, | 9540 |
| 3 | | 119010400005/02.11.19 | ,, ,, | 9540 |

**Iii)ബാങ്കിൽ നേരിട്ട് ക്രെഡിറ്റ് വന്ന തുക ക്രമീകരിച്ചിട്ടില്ല.**

| ക്രമ നം | ബാങ്കിന്റെ പേര്/അക്കൗണ്ട് നം | തുക |
|---|---|---|
| 1 | ട്രഷറി ടി എസ് ബി ജോയിന്റ് വെഞ്ചർ/799011400002932 | 20000 |

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 06/8.11.2021നുള്ള മറുപടിയിൽ ആവശ്യമായ നടപടകൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**7.അക്യുമലേറ്റഡ് ഡിപ്രിസിയേഷൻ അതുമായി ബന്ധപ്പെട്ട ആസ്തിയെ അധികരിച്ചിരിക്കുന്നു.വിശദാംശം ചുവടെ-**

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | B11 പ്രകാരം നീക്കിയിരിപ്പ് | Accumulated Depreciation തുക |
|---|---|---|---|---|
| 1 | 41071099 | Movable Asset | 263752 | (1114736) |
| 2 | 410710101 | Plants, Machinery &Tools | 92012 | (132704) |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 06നുള്ള മറുപടിയിൽ മുൻ വർഷങ്ങളിൽ ഡിപ്രിസിയേഷൻ ഹെഡ് ഇനത്തിൽ രേഖപ്പെടുത്തിയ തെറ്റായ തുക കാരണമാണ് അധികരിച്ചിരിക്കുന്നതെന്ന് അറിയിച്ചിരിക്കുന്നു .

8. 2018-19, 2019-2020 AFS-ലെ ബി-11 ഷെഡ്യൂളിലെ Roads-Tarred (410300101) എന്ന ഹെഡിൽ ഒരേ തുകയാണ് (8358260/-)നീക്കിയിരിപ്പായിട്ടുള്ളത്. എന്നാൽ, പ്രകാരം 'കളത്തിപ്പാറ മുതല് വെള്ളരിക്കുന്ന് വരെ റീ ടാറിംങ്186/20 ','കുട്ടപ്പ അമ്മത റോഡ് റീടാറിംങ്' 188/20എന്നി പദ്ധതികൾക്കായി യഥാക്രമം 489460/-,342154/- എന്നീ തുകകൾ ചെലവഴിച്ച് പണി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ AFS-ലെ ബി-11 ഷെഡ്യൂളിലെ Roads-Tarred (410300101) എന്ന ആസ്തിയിൽ ആയത് ഉൾപ്പെട്ടിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 06നുള്ള മറുപടിയിൽ ടി പ്രവർത്തി റീ ടാറിംങ് ആയതിനാൽ ആസ്തി ആർജിക്കലിൽ ഉൾപ്പെടാത്തതിനാലാണ് ആസ്തിയിൽ ഉൾപ്പെടുത്താത്തത് എന്നാണ് അറിയിച്ചത്.

9.2018-19 സാമ്പത്തിക വർഷത്തെ AFS പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ലഭിച്ച തുകകളുടെ മുന്നിരിപ്പ് ,വരവ്,ചെലവ് ,നീക്കിയിരിപ്പ് എന്നിവ പോരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഹെഡ് കേഡ് | ഇനം | മുന്നിരിപ്പ് | വരവ് | ചെലവ്(ചെലവ് പത്രിക പ്രകാരം) | നീക്കിയിരിപ്പ് (B4 ഷെഡ്യൂൾപ്രകാരം ) |
|---|---|---|---|---|---|
| 320700204 | Joint Venture - Revenue Expenditure -Block Panchayath | 287442 | 1628390(RP31) | 0 | 515242 |
| 320700205 | Joint Venture - Revenue Expenditure -District Panchayath | 1226407 | 1186560(RP31) | 1186560 | 1226407 |
| **ആകെ** | | **1513849** | **2814950** | **1186560** | **1741649** |

B4 ഷെഡ്യൂൾ പ്രകാരം സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ടിൽ നീക്കിയിരിപ്പായ തുക 174169/- രൂപയാണ്. എന്നാൽ ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിൽ നീക്കിയിരിപ്പായ തുക 4862719 /- രൂപയാണ്. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും ട്രഷറി ടി.എസ്.ബി ജോയിന്റ് വെൻഞ്ചർ അക്കൗണ്ടിലെ നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

10.സാമ്പത്തിക വർഷാന്ത്യത്തിൽ ഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി വാർഷിക ധനകാര്യപത്രിക B-14 Stock In Hand (Inventories) -ൽ ഉൾപ്പെടുത്തിയിട്ടില്ല.

11. B-15ഷെഡ്യൂൾ പ്രകാരം ചുവടെ ചേർക്കുന്ന തനത് വരുമാന ഇനങ്ങൾ ഈടാക്കുവാൻ ബാക്കിയുണ്ട്.

| ക്രമ നം | Head Of Account | ഇനം | തുക |
|---|---|---|---|
| 1 | 431100101 | വസ്തു നികുതി-പാർപ്പിടം (തൻവർഷം) | 60931 |
| 2 | 431100103 | വസ്തു നികുതി-പാർപ്പിട-ഇതരം (തൻവർഷം) | 219893 |
| 3 | 431100102 | വസ്തു നികുതി-പാർപ്പിടം (കുടിശ്ശിക) | 74233 |
| 4 | 431100104 | വസ്തു നികുതി-പാർപ്പിട-ഇതരം (കുടിശ്ശിക) | 225649 |

ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20ന് മറുപടി ലഭ്യമാക്കിയട്ടില്ല.

12. B 15 ഷെഡ്യൂളിൽ State Govt Cesses / Levies In Property Taxes-Control Account ഇനത്തിൽ (27652.00)/- നീക്കിയിരിപ്പ് കാണുന്നു.ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20ന് മറുപടി ലഭ്യമാക്കിയട്ടില്ല.

13. 2018-19, 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി 15 ഷെഡ്യൂൾ പ്രകാരം 431910101 ഹെഡിൽ Receivables Towards Usufructs Of Trees(Arrears) ഇനത്തിൽ ഒരേ തുകയാണ് രേഖപ്പെടുത്തിയിട്ടുള്ളത് .

14. പോസ്റ്റ് ഷിഫ്റ്റിംഗിനായി തനത് ഫണ്ടിൽ നിന്ന് താഴെ പറയുന്ന തുകകൾ KSEBയ്ക്ക് മുൻകൂറായി നൽകിയിട്ടുണ്ട്. ആയത് AFS ലെ RP-47, B-18 ഷെഡ്യൂളുകളിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം | വൗച്ചർ നം | ചെക്ക് നം | തുക |
|---|---|---|---|
| 1 | 21900680/14.11.19 | 3504/ തീ.14.11.19 | 6588/- |

15. 2018-19, 2019-20 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി 18 ഷെഡ്യൂൾ പ്രകാരം ചുവടെയുള്ള ഇനങ്ങൾക്ക് ഒരേ തുകയാണ് നീക്കിയിരിപ്പായി രേഖപ്പെടുത്തിയിട്ടുള്ളത്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 460500202 | Advance To Implementing Agencies-Deposit With KSEB | 182237/- |
| 2 | 460500205 | Advance To Implementing Agencies-Deposit With PWD | 113000/- |

നാളിതുവരെ പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20ന് മറുപടി ലഭ്യമാക്കിയട്ടില്ല.

16. താഴെ പറയുന്ന ഇനങ്ങൾക്ക് നീക്കിയിരിപ്പുള്ള തുക 2018-19 മുതൽ നീക്കിയിരിപ്പുള്ള തുകയാണ്.

| ക്രമ നം | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | തുക |
|---|---|---|---|
| 1 | 340100101 | Contractors EMD | 900/- |
| 2 | 340100201 | Contractors Security Deposit | 500/- |
| 3 | 340100202 | Suppliers Security | 28150/- |

| | | | |
|---|---|---|---|
| | | Deposit | |
| 4 | 340100301 | Contractors Retention | 6055/- |
| 5 | 340200101 | Rent Deposit | 15500 |

കേരള ഫിനാൻഷ്യൽ കോഡ് വാള്യം-I ആർട്ടിക്കിൾ 282(1) പ്രകാരം ജില്ലാ പഞ്ചായത്ത് സ്വീകരിക്കുന്ന സപ്ലയേഴ്സ് ഇ.എം.ഡി, സപ്ലയേഴ്സ് സെക്യൂരിറ്റി ഡെപ്പോസിറ്റ്, കോൺട്രാക്ടേഴ്സ് റിടെൻഷൻ മണി, വാടക ഡെപ്പോസിറ്റ്, ലേല ഡെപ്പോസിറ്റ്, കരാറുകാരിൽ നിന്നും ലഭിക്കുന്ന ഡെപ്പോസിറ്റ് എന്നിവ മൂന്ന് വർഷത്തിന്മേൽ ക്ലെയിം ചെയ്യാതെയും തിരിച്ച് വാങ്ങാതെയും ഉണ്ടായാൽ അവ കാലഹരണപ്പെട്ടതായി കണക്കാക്കാവുന്നതാണ്. കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽക്കൂട്ടാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 20ന് മറുപടി ലഭ്യമാക്കിയട്ടില്ല.

17. 2019 നവംബർ 16 മുതൽ 2020 മാർച്ച് 31 വരെ Cash Book Summary സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

18. വായ്പയുമായി ബന്ധപ്പെട്ട വാർഷിക ധനകാര്യപത്രികയിലെ തുകകൾ പൊരുത്തപ്പെടുന്നില്ല.

| വായ്പ വിവരം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയുണ്ടായിരുന്ന തുക(B 5(18-19) | തൻവർഷം ലഭിച്ച തുക | ആകെ | തൻവർഷം അടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| Secured Loan From State Govt(330200101) | 23768804 | 0 | 23768804 | 0 | 0 |
| Secured Loan From KURDFC ലോൺ(330500201) | 0 | 7505980 | 7505980 | 0 | 31274784 |

പരിശോധനയ്ക്കായി ഹാജരാക്കിയ ലോൺ രജിസ്റ്ററിൽ നിന്നും മേൽ തുകകളുടെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

18.വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്ററുകൾ പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം | ഇനം | ഡിമാന്റ് | | കളക്ഷൻ | | ബാലൻസ് | | റിമാർക്സ് |
|---|---|---|---|---|---|---|---|---|
| | | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | എ.എഫ്.എസ്. പ്രകാരം | രജിസ്റ്റർ പ്രകാരം | |
| 1 | തൊഴിൽ നികുതി A(Employees) | 632090 | | 604640 | 604450 | 0 | | എ.എഫ്.എസ്. പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ് എന്നിവ പൊരുത്തപ്പെടുന്നില്ല. DCB സാക്ഷ്യപ്പടുത്തി ലഭ്യമാക്കിയിട്ടില്ല. |
| 2 | മാർക്കറ്റ് റസീപ്റ്റ് | 30062 | 32200 | 21562 | 29460 | 0 | 2740 | എ.എഫ്.എസ്.പ്രകാരമുള്ള ഡിമാന്റ് കളക്ഷൻ ബാലൻസ്എന്നിവ പൊരുത്തപ്പെടുന്നില്ല. DCB സാക്ഷ്യപ്പടുത്തി ലഭ്യമാക്കിയിട്ടില്ല. |
| 3 | ലൈസൻസ് ഫീസ് | 91360 | - | 91360 | - | 90500 | - | DCB സാക്ഷ്യപ്പടുത്തി ലഭ്യമാക്കിയിട്ടില്ല. |

വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മേൽ അപാകങ്ങൾക്ക് കൃത്യമായ മറുപടി നൽകേണ്ടതും, വ്യത്യാസങ്ങൾ പൊരുത്തപ്പെടുത്തി വരും വർഷത്തെ വാർഷിക ധനകാര്യ പത്രിക അപാകങ്ങൾ ഒഴിവാക്കി തയ്യാറാക്കേണ്ടതുമാണ്.

## 1-3 ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പരിശോധന

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 11784694 | 11784694 | 9730044 | 2054650 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 2228294 | 2228294 | 846930 | 1381364 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 0 | 0 | 0 | 0 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 2275235 | 2275235 | 1780657 | 494578 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡ് | 0 | 14992000 | 14992000 | 5952080 | 9039920 |
| മെയിന്റനൻസ് ഗ്രാന്റ്-റോഡിതരം | 0 | 4003000 | 4003000 | 3876037 | 126963 |
| CSS | 0 | 640000 | 640000 | 0 | 640000 |
| SSS | 0 | 17394665 | 17394665 | 0 | 17394665 |

ലഭ്യമായ ഫണ്ടിൽ വലിയ തുകകൾ ചെലവഴിക്കാതെ നഷ്ടമായിരിക്കുന്നു. പദ്ധതികൾ കൃത്യമായി നടപ്പിലാക്കുന്നതിലും ലഭ്യമായ ഫണ്ടുകൾ ഫലപ്രദമായും പൂർണ്ണമായും ചെലവഴിക്കുന്നതിലും പഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്.

2.അങ്കണവാടി പോഷകാഹാര വിതരണത്തിനായി 1010000/-രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ 960000/-രൂപ മാത്രമേ വകയിരുത്തിയിട്ടുള്ളൂ.

3.വനിതാഘടക പദ്ധതി പ്രകാരം ആകെ വകയിരുത്തിയ 6067695/- ആകെ ചെലവ് 1157250/- രൂപയുമാണ്. വകയിരുത്തിയ തുകയുടെ 19% ആകെ ചെലവഴിച്ചത്.

4.വയോജനങ്ങൾക്ക വേണ്ടി ബജറ്റ് അലോട്ട്മെന്റ് പ്രകാരം വികസനഫണ്ടിൽ നിന്നും കുറഞ്ഞത് 809500/-രൂപ വകയിരുത്തണമെന്നാണ് നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ അംഗീകരിച്ച പദ്ധതി പ്രകാരം 800000/-മാത്രമാണ് വകയിരുത്തിയിട്ടുള്ളത്.

5.ജനറൽ വിഭാഗം പശ്ചാത്തലമേഖലയ്ക്ക് വകയിരുത്തേണ്ട കൂടിയ തുക 3378000/-രൂപയാണ്. എന്നാൽ 2019-20 വകയിരുത്തിയ തുക 30959340/-രൂപയുമണ്.

6.ഭിന്നശേഷികാർക്ക് സ്കോളർഷിപ്പ് വിതരണത്തിനായി 572644/-രൂപയാണ് വകയിരുത്തേണ്ടത്. 1140000/-രൂപ വകയിരുത്തിയതിൽ 276565/- രൂപ മാത്രമാണ് ചെലവഴിച്ചത് (വകയിരുത്തിയ തുകയുടെ 24.26%). എന്നാൽ പ്രസ്തുത ചെലവ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വന്നിട്ടില്ല.

7.ആശ്രയ പദ്ധതിയ്ക്കായി 825760/- രൂപയാണ് വകയിരുത്തേണ്ടിയിരുന്നത്. എന്നാൽ യാതൊരു തുകയും വകയിരുത്തിയിട്ടില്ല.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ച പദ്ധതികൾ (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 222 | 84357719/- രൂപ | 141 | 31878864/-രൂപ | 81 |

പദ്ധതി അടങ്കൽ തുകയുടെ 37% മാത്രമാണ് ചെലവായത്. പദ്ധതികളുടെ എണ്ണം കണക്കാക്കുകയാണെങ്കിൽ 63% മാത്രമാണ് നടപ്പാക്കിയിട്ടുള്ളത്. പദ്ധതി വിഹിതം ഫലപ്രദമായും പൂർണമായും നടപ്പാക്കുന്നതിൽ കൂടുതൽ ജാഗ്രത ആവശ്യമാണ്.

പദ്ധതികൾ ആസൂത്രണം ചെയ്ത ശേഷം നടപ്പാക്കാതിരിക്കുന്നത് ഫണ്ട് നഷ്ടപ്പെടാനിടയാക്കുന്നു. പദ്ധതികൾ സ്പിൽ ഓവർ ആയി നടപ്പാക്കപ്പെടുമ്പോൾ ജനങ്ങൾക്കാവശ്യമായ സേവനം വൈകുകയാണ് ചെയ്യുന്നതെന്ന വസ്തുത പരിഗണിച്ച് അതത് വർഷം തന്നെ പദ്ധതികൾ പൂർണ്ണമായും നിർവ്വഹണം നടത്താൻ നടപടികൾ കൈക്കൊള്ളേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയതുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂവർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവ് പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്നു ഉറപ്പാക്കേണ്ടതുമാണ്.

പദ്ധതി നിർവ്വഹണം നടപടികളിലെ മെല്ലെപ്പോക്കു സർക്കാർ ഫണ്ട് നഷ്ടപ്പെടാൻ പ്രധാന കാരണങ്ങളിൽ അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ 33% ചെലവ് മാത്രമാണ് നടന്നിട്ടുള്ളത് .

തനത് ഫണ്ട് വളരെ ശുഷ്കമായ അമ്പൂരി ഗ്രാമപഞ്ചായത്തിന് വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായിരുന്ന തുകയിൽ 27988632/- രൂപ വർഷാവസാനം സഞ്ചിത നിധിയിലേക്ക് തിരികെ എടുക്കപ്പെട്ടിട്ടുണ്ട്. തൻവർഷത്തേക്ക് ലഭിക്കാൻ സാധ്യതയുള്ള ആകെ പദ്ധതി തുകയ്ക്ക് ആനുപാതികമായി മാത്രം പദ്ധതികൾ (സ്പിൽ ഓവർ ഉൾപ്പെടെ) തയ്യാറാക്കുകയും അവ നടപ്പിലാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

## <u>1-5 2019-2020 സാമ്പത്തിക വർഷം നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിവരം താഴെ കൊടുക്കുന്നു</u>

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 188160 | 222 |
| കർഷക തൊഴിലാളി പെൻഷൻ | 1418400 | 526 |
| വിധവ പെൻഷൻ | 7177200 | 2599 |
| വാർദ്ധക്യകാല പെൻഷൻ | 14200200 | 5079 |
| വികലാംഗ പെൻഷൻ | 2630600 | 937 |
| | | |

| | | |
|---|---|---|
| വിവാഹ ധന സഹായം | 60000 | 02 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 97200 | 34 |

## 1-6 ക്യാഷ് ബാലൻസ് പരിശോധന

അന്നൂരി ഗ്രാമപഞ്ചായത്തിന്റെ 2019-20 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.11.2021 തീയതിയിൽ രാവിലെ 11.58 സമയത്ത് സ്ഥാപന തലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ഡേ ബുക്ക് പ്രകാരം 1294/- രൂപയുടെ വരവ് ലഭിച്ചിട്ടുണ്ട്. എന്നാൽ ക്യാഷ് കൗണ്ടറിൽ 1300/- രൂപ സൂക്ഷിച്ചിരിക്കുന്നു. തനത് ദിവസം നടക്കുന്ന ഇടപാടിനേക്കാൾ കൂടുതലോ കുറവോ തുക നീക്കിയിരിപ്പായി ഉണ്ടാകാൻ പാടില്ല . ഡേ ബുക്കിന് അനുസൃതമായി പണം നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പാക്കേണ്ടതാണ്.

## 1-7 ആഭ്യന്തര നിയന്ത്രണം-

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനം വളരെ കുറവാണ്. തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനോ പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനോ ഉള്ള യാതൊരു ശ്രമവും ഭരണസമിതിയുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഫണ്ടുകൾ ലാപ്സാകാതെ സമയബന്ധിതമായി നിർവഹിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല. മരാമത്തു പദ്ധതികളുടെ നിർവ്വഹണത്തിൽ മോണിറ്ററിംഗ് സമിതി റിപ്പോർട്ട് ഇല്ല. മോണിട്ടറിംഗ് ഇല്ലാതെയാണ് ബില്ലുകൾ പാസാക്കിയിട്ടുള്ളത്.
രജിസ്റ്ററുകളുടെ പരിപാലനം തൃപ്തികരമല്ല. ഉദാ:- ആസ്തി രജിസ്റ്റർ. ആയത് പൂർണമായും കാലികമാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ടിലെ പരാമർശിത അതീവ ഗുരുതര, ഗുരുതര പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകും വിധം പദ്ധതികൾ ആസൂത്രണം ചെയ്യാൻ ശ്രമിക്കേണ്ടതാണ്.

പദ്ധതി മാർഗ്ഗരേഖ ആവശ്യപ്പെടും വിധം പദ്ധതി ആസൂത്രണം ചെയതുകഴിഞ്ഞ് വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി മാറണം. പദ്ധതികളുടെ നിർവ്വഹണം നിലവിൽ മോണിറ്ററിംഗിന് വിധേയമാകുന്നില്ല. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതിനും സ്പിൽ ഓവർ ആകുന്നതിനും നിർവ്വഹണത്തിൽ അപാകങ്ങൾ സംഭവിക്കുന്നതിനും മോണിറ്ററിംഗ് കമ്മിറ്റികളുടെ നിർജ്ജീവാവസ്ഥ കാരണമാകുന്നു. ആയതിനാൽ ഇത് അതീവ ഗുരുതര വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. അടിയന്തരമായി ഇത് പരിഹരിക്കാനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ നടപ്പാക്കേണ്ടതാണ്.

ഗുണഭോക്തൃ തെരഞ്ഞെടുപ്പ് സംവിധാനം കുറ്റമറ്റതാക്കേണ്ടതുണ്ട്. ഏറ്റവും അർഹരായവർക്ക് തന്നെയാണ് ആനുകൂല്യം ലഭ്യമാകുന്നതെന്ന് ഉറപ്പാക്കാനുതകുന്ന നടപടിക്രമം പദ്ധതി മാർഗ്ഗരേഖയുടെ ഖണ്ഡിക 11.3 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഈ നടപടിക്രമം കർശനമായി പാലിക്കേണ്ടതും ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

പ്രൊക്യൂവർമെന്റ് നടപടികൾ കൂടുതൽ മെച്ചമാക്കാനാവശ്യമായ നടപടികൾ സ്റ്റോർ പർച്ചേസ് മാന്വലിന്റെ അടിസ്ഥാനത്തിൽ കൈക്കൊള്ളാൻ പരിശ്രമിക്കേണ്ടതാണ്.

പദ്ധതിച്ചെലവുകൾ എല്ലാം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതും സുലേഖയിലെ ചെലവു പത്രികയിൽ പൊരുത്തക്കേടുകൾ വരുന്നില്ലെന്നു ഉറപ്പാക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്ത് 2019-20 വർഷത്തെ ഘടക സ്ഥാപന മേധാവികളായ നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ ഓഡിറ്റ് സമയത്ത് ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ ടി വിവരങ്ങളുടെ ആധികാരിക അവലംബമായ ഇൻകംബൻസി രജിസ്റ്റർ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല. നിർവ്വഹണ അധികാരികളുടെ പേരുവിവരം, സേവനകാലയളവ് എന്നിവ അടങ്ങിയ ഇൻകംബൻസി രജിസ്റ്റർ കാലികമാക്കി പരിപാലിക്കേണ്ടതാണ്.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 13005 | 1530284 | 1543289 | 1541867 | 1422 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 0 | 80757851 | 80757851 | 80757851 | 0 |
| **ആകെ** | **13005** | **82288135** | **82301140** | **82299718** | **1422** |

## 1-8-1 MNREGA പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തുന്നില്ല

MNREGA ആക്റ്റ് 2005 സെക്ഷൻ 17 പ്രകാരം MNREGA സ്കീം പ്രകാരം ഏറ്റെടുത്ത് നടപ്പിലാക്കിയ പദ്ധതികളുടെ മോണിറ്ററിംഗും സോഷ്യൽ ഓഡിറ്റും ഗ്രാമസഭ നടത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2019-20 ൽ നടപ്പിലാക്കിയ പദ്ധതികൾ ഗ്രാമസഭ മോണിറ്റർ ചെയ്തതിന്റെയും സോഷ്യൽ ഓഡിറ്റ് നടത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ രേഖകൾ സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് നൽകിയതെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല.

## 1-8-2 ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല

സ്ഥിര ആസ്തി രജിസ്റ്റർ പരിപാലിക്കുന്നില്ല. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് നൽകിയതെങ്കിലും ആയത് പരിശോധനയ്ക്ക് ലഭ്യമായില്ല. അതത് വർഷത്തെ ആസ്തി രജിസ്റ്റർ കാലികമാക്കി ആധികാരികമാക്കി സൂക്ഷിക്കേണ്ടതാണ്.

## 1-8-3 റോസ്ഗാർ ദിനം സംഘടിപ്പിക്കുന്നില്ല

എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ഖ4.5 പ്രകാരം തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായും ആവശ്യാനുസരണവും നിർവ്വഹിക്കുന്നതിനും അവകാശങ്ങൾ ഫലപ്രദമയി അറിയിക്കുന്നതിനും പരാതികൾ പരിഹരിക്കുന്നതിനും എല്ലാ മാസത്തിലും ഒരു ദിവസം ഗ്രാമപഞ്ചായത്ത് റോസ്ഗാർ ദിനം സംഘടിപ്പിക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ഖ.4.5.1 പ്രകാരം റോസ്ഗാർ ദിനം സംഘടിപ്പിച്ചതിന്റെ മിനിട്ട്സ് സോഷ്യൽ ഓഡിറ്റിനും പൊതുജനങ്ങൾക്കും പരിശോധനയ്ക്കായി ലഭ്യമാക്കണമെന്നും വ്യക്തമാക്കിയിട്ടുണ്ട്. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ ഇതുവരെ റോസ്ഗാർ ദിനം സംഘടിപ്പിച്ചിട്ടില്ലെന്നും ഇനിമുതൽ സംഘടിപ്പിച്ച് മിനിട്ട്സ് പരിശോധനയ്ക്ക് ലഭ്യമാക്കുന്നതുമെന്നും അറിയിച്ചിരിക്കുന്നു.

## 1-8-4 മാർഗ്ഗരേഖ പ്രകാരം സൂക്ഷിക്കേണ്ട രേഖകൾ ഫയലിനോടൊപ്പം ലഭ്യമല്ല

ഡി.എം.എൻ.ആർ.ഇ.ജി.എസ് മാസ്റ്റർ സർക്കുലർ 2019-20 ഖ.7.12.5 പ്രകാരം വർക്ക് ഫയലിനോടൊപ്പം അവശ്യം സൂക്ഷിക്കേണ്ട രേഖകൾ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ പരാമർശിക്കുന്ന രേഖകളിൽ താഴെ പറയുന്നവ ഫയലിനോടൊപ്പം ലഭ്യമായിട്ടില്ല.

1.ഭൂരിഭാഗം പ്രവൃത്തികളുടെ ഫയലിലും സൈറ്റ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. സൈറ്റ് ഡയറി തയ്യാറാക്കിയിട്ടുള്ളത് പൂർണ്ണമല്ല.

2.തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ.

3.പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയലിൽ തുക നൽകിയതുമായി ബന്ധപ്പെട്ട (FTO Report) വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

4.എസ്റ്റിമേറ്റ് ഫയലിൽ ഉൽപ്പെടുത്തിയിട്ടില്ല. കൂടാതെ ആകെ എസ്റ്റിമേറ്റ്, ലേബർ എസ്റ്റിമേറ്റ്, മെറ്റീരിയൽ എസ്റ്റിമേറ്റ് എന്നിവ ഉൾപ്പെട്ട കോസ്റ്റ് എസ്റ്റിമേറ്റിന്റെ അബ്സ്ട്രാക്റ്റ്, പ്രോജക്റ്റ് റിപ്പോർട്ട്/ ഫീസിബിലിറ്റി റിപ്പോർട്ട് എന്നിവ ഫയലിൽ ലഭ്യമല്ല.

5.പ്രവൃത്തി നിർവ്വഹണവുമായി ബന്ധപ്പെട്ട് പ്രവൃത്തി ആരംഭിക്കുന്നതിന് മുമ്പ്, പ്രവൃത്തി നിർവ്വഹണ ഘട്ടത്തിൽ, പൂർത്തീകരണ ഘട്ടത്തിലെ ഫോട്ടോകളുടെ പ്രിന്റ് ഫയലിൽ സൂക്ഷിക്കണമെന്ന് നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.

6. മസ്റ്റർ റോൾ മൂവ്മെന്റ് സ്ലിപ്പ് (Annex.VI) ഫയലിൽ ലഭ്യമല്ല.

7.എംബുക്ക് പ്രകാരം തൊഴിലാളികൾക്ക് നൽകിയ വേതനത്തിന് അനുസൃതമായുള്ള വേജ് ലിസ്റ്റ് ഫയലിൽ ലഭ്യമല്ല.

8.നിർമ്മാണ പ്രവൃത്തികളുടെ സാധൂകരണത്തിനായുള്ള ജിയോടാഗ് ഫോട്ടോഗ്രാഫുകൾ പ്രവൃത്തിസ്ഥലം തിരിച്ചറിയുന്നിനുള്ള ഉപാധിയാണ്. എന്നാൽ ഇവ മിക്ക ഫയലിലും ചേർത്തിട്ടില്ല.

9.കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ ലഭ്യമല്ല.
ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 16 നുള്ള മറുപടിയിൽ വ്യക്തികത ആല്ലകുല്യങ്ങൾക്ക് സൈറ്റ് ഡയറി നൽകിയിട്ടില്ലെന്നും മറ്റുള്ളവ ഫയലിൽ ഉൾപ്പെടുത്തി സൂക്ഷിക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് റിപ്പോർട്ട് | 11-02-2021 | 2019 | 2019 Dec |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.3.14-20.3.14 | 2012-13 | 2015 |

## 1-10 ക്യാൻസൽഡ് റെസീപ്റ്റ്സ് സൂക്ഷിക്കുന്നതിലെ അപാകങ്ങൾ

A)**ക്യാൻസൽ ചെയ്തതായി രേഖപ്പെടുത്താതെ ക്യാൻസൽഡ് രസീതുകൾ സൂക്ഷിച്ചിരിക്കുന്നു.**
ക്യാൻസൽഡ് റസീപ്റ്റ്സിന്റെ പട്ടികയിൽ ഉൾപ്പെട്ട രസീതുകളിലും അവയുടെ കൗണ്ടർ ഫോയിലിലും "ക്യാൻസൽഡ്" എന്ന് രേഖപെടുത്തുകയോ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപെടുത്തി സ്ഥാപന മേധാവി അത് സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രസീത് നം | തുക |
|---|---|---|
| 29-02-2020 | 119010102352 | 11050 |
| 21-03-2020 | 119010102525 | 10328 |
| 12-03-2020 | 119010500020 | 8508 |

ഇതിൽ ക്യാൻസൽ ചെയ്ത 119010500020 നം. രസീതിന്റെ കൗണ്ടെർഫോയിൽ മാത്രമേ രസീത് ബുക്കിനൊപ്പം സൂക്ഷിച്ചിട്ടുള്ളൂ. രസീത് സൂക്ഷിച്ചിട്ടില്ല. 8508/- രൂപയാണ് ഈ രസീത് വഴി ഈടാക്കിയിട്ടുള്ളത്. ക്യാൻസൽ ചെയ്ത രസീത് കൗണ്ടെർഫോയിലിനൊപ്പം സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കണമെന്ന ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം.5 ന തുടർ വർഷങ്ങളിൽ അപാകത പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നതാണ് എന്ന മറുപടി നല്കിയിട്ടുണ്ടെങ്കിലും രസീത് സൂക്ഷിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. എന്തെങ്കിലും കാരണവശാൽ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നാൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി രസീത് കൗണ്ടർ ഫോയിലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.
B)**ക്യാൻസൽ ചെയ്ത രസീതുകളിൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ല**

ക്യാൻസൽ ചെയ്ത ചില രസീതുകളിൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല . ഇത്തരം ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| തീയതി | രസീത് നം | തുക |
|---|---|---|

| | | |
|---|---|---|
| 16-01-2020 | 119010101983 | 2500 |
| 11-02-2020 | 119010102195 | 516 |
| 15-02-2020 | 119010500014 | 2500 |

എന്തെങ്കിലും കാരണവശാൽ രസീതുകൾ ക്യാൻസൽ ചെയ്യേണ്ടതായി വന്നാൽ ക്യാൻസൽ ചെയ്യാനുള്ള കാരണം രേഖപ്പെടുത്തി ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി രസീത് കൗണ്ടർ ഫോയിലിനൊപ്പം സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-11 ലേല നടപടികൾ - അപാകങ്ങൾ

ഗ്രാമപഞ്ചായത്ത് 2019-20 വർഷം നടത്തിയ ലേല നടപടികളുടെ ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ താഴെ കൊടുക്കുന്നു.

### 1-11-1 ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല.

അന്നൂരി പബ്ലിക് മാർക്കറ്റിനുള്ളിലെ പബ്ലിക് കംഫർട്ട് സ്റ്റേഷനിലേക്കുള്ള ഗേറ്റ് ഫീ പിരിവിനുള്ള ലേലം പിടിച്ച രാജേന്ദ്രൻ എന്ന വ്യക്തിയിൽ നിന്ന് ലേല തുക ഈടാക്കിയിട്ടില്ല. ലേല തുകയായ 3200/- രൂപയിൽ നിരത ദ്രവ്യമായ 500/- രൂപ മാത്രമാണ് ആകെ ഈടാക്കിയിട്ടുള്ളത്. ബാക്കി തുക ഈടാക്കാത്തതിനുള്ള കാരണം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം 18നു മറുപടിയായി 'തുക അടയ്ക്കാൻ ആവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്തിൽ നിന്നും നോട്ടീസ് നല്കിയിട്ടുള്ളതാണ്, ടിയാന് വീണ്ടും തുക അടയ്ക്കാൻ നോട്ടീസ് നൽകുന്നതാണ് 'എന്നറിയിച്ചിട്ടുണ്ട്. അതുപോലെ അന്നൂരി പബ്ലിക് മാർക്കറ്റിനുള്ളിലെ തെങ്ങുകളിൽ നിന്ന് ആദായം എടുക്കാനുള്ള അവകാശ ലേലം പിടിച്ച എം.പി. സെബാസ്റ്റ്യൻ എന്ന വ്യക്തിയിൽ നിന്ന് ലേല തുക മുഴുവനായി ഈടാക്കിയിട്ടില്ല . 5100/- രൂപയ്ക്കാണ് ടി വ്യക്തി ലേലം പിടിച്ചത് രസീത് നം . 118010102430 പ്രകാരം 500/- രൂപ നിരത ദ്രവ്യമായും രസീത് നം. 118010102653 പ്രകാരം 4560/- രൂപ ലേല തുകയായും പഞ്ചായത്തിൽ ഒടുക്കിയിട്ടുണ്ട്. ആകെ 4960/- രൂപ. ബാക്കിയുള്ള 40/- രൂപ ഈടാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിനു മറുപടിയായി തുക എത്രയും പെട്ടെന്നു ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. തുക എത്രയും പെട്ടെന്ന് ഈടാക്കി രസീത് ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

### 1-11-2 ലേല ഉടമ്പടി സൂക്ഷിക്കുന്നില്ല

ലേല തുക നിശ്ചിത സമയ പരിധിക്കുള്ളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കാമെന്ന് ലേലം പിടിച്ച വ്യക്തി ഉടമ്പടി ചെയേണ്ടതുണ്ട്. മുദ്ര പത്രത്തിൽ എഴുതി തയ്യാറാക്കിയ ഇത്തരം ഉടമ്പടി പത്രം ലേലം പിടിച്ച വ്യക്തികൾ അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടില്ല. ഉടമ്പടി പത്രത്തിന്റെ അഭാവത്തിൽ ലേലം പിടിച്ച വ്യക്തികൾ തുക ഒടുക്കാൻ വിസമ്മതിക്കുന്ന പക്ഷം തുക ഈടാക്കൻ സ്വീകരിക്കുന്ന നിയമ നടപടികൾ എങ്ങനെയാണെന്ന് അറിയിക്കണമെന്നു ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 18 ന 'ഇനി മുതൽ ലേലം പിടിക്കുന്ന വ്യക്തികളിൽ നിന്ന് ഇത്തരം ഉടമ്പടി വെച്ച മുദ്ര പത്രം എഴുതി മേടിച്ച് കൊള്ളാമെന്ന മറുപടിയാണ് നൽകിയിട്ടുള്ളത് '. ഇതുവരെ ഇത് പാലിക്കാത്തതിന് കാരണം വ്യക്തമാക്കിയിട്ടില്ല. ലേല തുക നിശ്ചിത സമയപരിധിക്കുള്ളിൽ പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിക്കൊള്ളാമെന്ന ഉടമ്പടി പത്രം അപേക്ഷകരിൽ നിന്ന് കർശനമായി വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 1-12 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2019-20 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ്

ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

08.11.2021-ൽ 8-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്ന വ്യക്തമാക്കിയിട്ടുണ്ട്.

**1-12-1 ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട മുഴുവൻ പേർക്കും ലൈസൻസ് നൽകിയിട്ടില്ല**

ലൈസൻസ് രജിസ്റ്റർ പ്രകാരം 2019 -20 സാമ്പത്തിക വർഷം 163 പേർക്കാണ് ലൈസൻസ് നല്കിയിട്ടുള്ളത്. എന്നാൽ ഗ്രാമ പഞ്ചായത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ 340 സ്ഥാപനങ്ങൾ ഉൾപെട്ടിട്ടുണ്ട്. ബാക്കി സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് തുക ഈടാക്കാത്തതിന് കാരണം അറിയിക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന്(നം. 28) 2019 -20 കാലഘട്ടത്തിൽ മൂന്ന് ക്ലർക്കമാരുടെ ഒഴിവിൽ ഒരു ക്ലർക്ക് മാത്രമുള്ളതിനാൽ ജോലി ഭാരം മൂലമാണ് കൂടുതൽ ലൈസൻസ് ഈടാക്കാൻ സാധിക്കാതെയിരുന്നത് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. ഈ മറുപടി അംഗീകരിക്കാവുന്നതല്ല. 177 സ്ഥാപനങ്ങൾ ലൈസൻസ് ഇല്ലാതെയാണ് ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നത്. കേരള പഞ്ചായത്ത്രാജ് ആക്ടിലെ ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ നിയമത്തിലെ ചട്ടം 4 പ്രകാരം ഗ്രാമ പഞ്ചായത്തിനുള്ളിൽപെട്ട യാതൊരു സ്ഥലവും പഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെ ഉപയോഗിക്കാൻ പാടുള്ളതല്ല. ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ വ്യാപാര സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകി പഞ്ചായത്തിന്റെ വരുമാനം വർധിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-12-2 അപേക്ഷ സമർപ്പിക്കാത്തവർക്കും ലൈസൻസ് നൽകിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു.**

രജിസ്റ്റർ പ്രകാരമുള്ള മുഴുവൻ അപേക്ഷകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല. രജിസ്റ്ററിലെ ക്രമ നം 88 മുതൽ 93 വരെ, 104 മുതൽ 130 വരെ, 134 മുതൽ 143 വരെ, 147 മുതൽ 163 വരെയുള്ള അപേക്ഷകരുടെ അപേക്ഷകൾ ഹാജരാക്കണമെന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം 28ന ഫീൽഡ് പരിശോധനയിൽ ലൈസൻസ് എടുക്കാൻ ഉള്ളവരിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുകയും തുടർന്ന് അപേക്ഷയും മതിയായ രേഖകളും ഹാജരാക്കാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്. 60 പേർക്ക് ഇങ്ങനെ തുക മാത്രം ഈടാക്കി യാതൊരു രേഖകളും ഇല്ലാതെ ലൈസൻസ് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നു. അപേക്ഷയും രേഖകളും ഇല്ലാതെ തുക മാത്രം ഈടാക്കി ലൈസൻസ് നൽകി എന്ന മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. തുടർ വർഷങ്ങളിൽ അപേക്ഷയുടെയും ബന്ധപ്പെട്ട രേഖകളുടെയും അടിസ്ഥാനത്തിൽ മാത്രം ലൈസൻസ് ഇഷ്യൂ ചെയ്യേണ്ടതാണ്. ഇവ കർശനമായും ഫയലിൽ സൂക്ഷിക്കേണ്ടതുമാണ്.

**1-13 വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകൽ കൃത്യമായി നടപ്പിലാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിൽ 2019-20 സാമ്പത്തിക വർഷം 3 പേർ മാത്രമാണ് ഡോഗ് ലൈസൻസ് എടുത്തിട്ടുള്ളത്. ഗ്രാമപഞ്ചായത്തിലെ വളർത്തുനായ്ക്കളുടെ കണക്ക് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എനിക്വയറി നം.41 ന മറുപടി നൽകിയിട്ടില്ല. കേരള പഞ്ചായത്ത്രാജ് ആക്ട് പട്ടിക 3 പ്രകാരം വളർത്തു നായ്ക്കൾക്ക് ലൈസൻസ് നൽകുക ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. ഇത് കൃത്യമായി നിർവഹിക്കാത്തതിന വിശദീകരണം ഓഡിറ്റ് എൻക്വയറി നം. 41 പ്രകാരം ആവശ്യപെട്ടെങ്കിലും മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ അനിവാര്യ ചുമതലകൾ നിർവഹിക്കാൻ വേണ്ട നടപടികൾ നിർബന്ധമായും സ്വീകരിക്കുകയും വരുമാന നഷ്ടം ഒഴിവാക്കാൻ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതുമാണ്.

**1-14 കെട്ടിട വാടക ഈടാക്കുന്നില്ല**

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോറിൽ നിന്നും കെ.എസ്.ഇ.ബി ഓഫീസിൽ നിന്നും 2019-20 സാമ്പത്തിക വർഷം കെട്ടിട വാടക ഈടാക്കിയിട്ടില്ല. 3 കടമുറികൾ മാവേലി സ്റ്റോറിനായി വിട്ടു നൽകിയിട്ടുണ്ട്. മാവേലി സ്റ്റോറിന സൗജന്യമായി വിട്ടു

നൽകിയതാണ് ഈ കടമുറികൾ എന്നാണ് ഇത് സംബന്ധിച്ച അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്. കെ.എസ്.ഇ.ബി ഓഫീസിൽ നിന്ന് വാടകയിനത്തിൽ എത്ര രൂപ കുടിശ്ശിക ഉണ്ടെന്ന വിവരം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നം 36 ന 'അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി ഓഫീസിന്റെ വാടക ഈടാക്കിയിട്ടില്ല. വാടക ലഭിക്കുന്നതിനായി അടുത്ത പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ച് കെ.എസ്.ഇ.ബിക്ക് കത്ത് നൽകുന്നതാണ്' എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇവർക്കായി നിശ്ചയിച്ചിട്ടുള്ള വാടക എത്രയാണെന്നോ കുടിശ്ശിക എത്രയാണെന്നോ എന്ന വിവരം ലഭ്യമാക്കിയിട്ടില്ല. വാടക കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-15 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2019-20 സാമ്പത്തിക വർഷം വരെ ബി. എസ്. എൻ. എൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക 154140/-രൂപയാണ്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| BSNL ടവർ, ഡിസ്ട്രിക്റ്റ് ടെലികോം ഓഫീസർ, മായം, മായം. പി.ഒ | 01 | 01/44 | 8085 | 64680 | 2013-14 മുതൽ 2019-20 വരെ |
| BSNL ടവർ, ടെലികോം ഡിപ്പാർട്ട്മെന്റ്, അമ്പൂരി, അമ്പൂരി. പി.ഒ | 04 | 04/32 | 8820 | 26460 | 2017-18 മുതൽ 2019-20 വരെ |
| BSNL ടവർ, വാഴിച്ചൽ, കുട്ടമല, കുട്ടമല. പി.ഒ | 11 | 11/318 | 7875 | 63000 | 2013-14 മുതൽ 2019-20 വരെ |
| **ആകെ** | | | | **154140** | |

ഇത് സംബന്ധിച്ച് 08.11.2021 ൽ നൽകിയ 07 നമ്പർ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ ഓൺലൈനായി റവന്യൂ റിക്കവറി നടപടികൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ

വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

**1-16 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല**

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 08.11.2021 ൽ 08 ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും വ്യാപാര സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ലെന്നും ഇനി മുതൽ ആയതിനു വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഡിമാന്റ് നോട്ടീസ്/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/ കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

**1-17 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതി ഈടാക്കിയിട്ടില്ല**

വിവിധ വാർഡുകളിൽ പ്രവർത്തിക്കുന്ന റേഷൻ കടകളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുത്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിനു കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ വ്യാപാരികളുടെ ലിസ്റ്റിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ഇതു സംബന്ധിച്ച് 08.11.2021 തീയതിയിൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ് തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിൽ ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

**1-18 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല**

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ചിലങ്ക എന്റർപ്രൈസസ്, അമ്പൂരി
2. ചൂരനോലിക്കൽ ആട്ടോമൊബൈൽസ്, അമ്പൂരി
3. മലമുകളിൽ ഏജൻസീസ് & എർത്ത് മൂവേഴ്സ്, അമ്പൂരി
4. കെ. എൻ സിദ്ധ മർമ്മ പാരമ്പര്യ വൈദ്യശാല, അമ്പൂരി
5. യുവേഴ്സ് ഫിറ്റ്നെസ് & മൾട്ടി ജിം, അമ്പൂരി
6. അക്ഷയ് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, അമ്പൂരി
7. തുരുത്തേൽ ഫൈനാൻസ്, അമ്പൂരി
8. പാലയ്ക്കൽ ഫൈനാൻസ്, അമ്പൂരി

9. ധനലക്ഷ്മി ഫൈനാൻസ്, അമ്പൂരി

10. കുളത്തിങ്കൽ ഫൈനാൻസ്, അമ്പൂരി

11. നെടുംപറമ്പിൽ ഗോൾഡ് ലോൺ, അമ്പൂരി

12. കവലയ്ക്കൽ സ്റ്റോഴ്സ്, അമ്പൂരി

13. ക്ഷീര വ്യവസായ സഹകരണ സംഘം, ശൂരവകാണി

ഇതു സംബന്ധിച്ച് 08.11.2021 തീയതിയിൽ 08-ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി/തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-19 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2019-2020 സാമ്പത്തിക വർഷത്തെ വരവു സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. അമ്പൂരി ഗ്രാമ വികസന സഹകരണ സംഘം

2. അർച്ചന ക്ലിനിക്, അമ്പൂരി

3. സ്വിസ് മോട്ടൽ, അമ്പൂരി

4. സ്മൈൽ ഡെന്റൽ ക്ലിനിക്, അമ്പൂരി

5. ദി ട്രാവൻകൂർ ഗ്രാനൈറ്റ്സ്

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 08.11.2021 ൽ 08 -ാം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ 2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-20 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ കരുമംകുളം, പുരവിമല, കുമ്പിച്ചൽ, കൊമ്പൈ എന്നീ കടത്തുകളിലെ ജീവനക്കാരിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 08.11.2021 തീയതിയിൽ 08 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ കടത്തുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുടക്കം വരുത്തിയ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**1-21 പദ്ധതി നിർവ്വഹണത്തിലുണ്ടായ 29681/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല.**

പ്രോജക്റ്റ് നം. So 161/20 (122/18-19)

പദ്ധതിയുടെ പേര്: പട്ടിക ജാതിയിൽപ്പെട്ട ഹൈസ്കൂൾ കുട്ടികൾക്ക് മേശയും കസേരയും

നിർവ്വഹണോദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രാമപഞ്ചായത്ത്

ഫണ്ടിനം: 1) വികസന ഫണ്ട് (എസ്.സി.പി): 74600/-രൂപ

2) തനത് ഫണ്ട് : 400/-രൂപ

ആകെ അടങ്കൽ: 75000/-രൂപ

ചെലവ് തുക: 74600/-രൂപ

ഭരണാനുമതി നമ്പരും തീയതിയും. 1/03.05.2019

ട്രഷറി ബിൽ നമ്പർ, തീയതി, തുക: 1) 21/05.02.2020 7640/-

2) 22/13.03.2020 66960/-

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മേശയും കസേരയും ലഭ്യമാമാക്കുന്നതിനു വേണ്ടി നിർവ്വഹണോദ്യോഗസ്ഥൻ അംഗീകൃത വ്യാപാരികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ ഫലമായി മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചെങ്കിലും ഏറ്റവും കുറഞ്ഞ തുക (4991/-രൂപ നിരക്ക്) ക്വാട്ട് ചെയ്ത എസ് എൽ വി എന്റർപ്രൈസസ്, ചിറക്കോണം, മുരുക്കുംപുഴ എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെടാതെ ഈ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (നം. 6156201000035, IFS Code. CNRB0002906) 74600/- (7640+66960) രൂപ ക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. 15 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണെങ്കിലും 09 ഗുണഭോക്താക്കൾക്കു മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 4991/-രൂപ (ഒരു മേശയുടെയും ഒരു കസേരയുടെയും വില) നിരക്കിൽ 09 മേശയും 09 കസേരയും നിർവ്വഹണോദ്യോഗസ്ഥൻ എസ് എൽ വി എന്റർപ്രൈസസിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 44919/-രൂപ ചെലവു വന്നിട്ടുണ്ട്. ബാക്കിയുള്ള 29681/-(74600-44919) രൂപ എസ് എൽ വി എന്റർപ്രൈസസിന്റെ അക്കൗണ്ടിൽ അവശേഷിക്കുകയാണ്. പൊതുപണം (വികസന ഫണ്ട്) സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ കിടക്കുന്നത് ഒട്ടും ആശാസ്യമല്ല. ഈ സാഹചര്യത്തിൽ 29681/-രൂപയുടെ അധിക ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുന്നു. ആയതിനാൽ 29681/-രൂപയുടെ ബാദ്ധ്യത നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

പദ്ധതി നിർവ്വഹണത്തിലെ മറ്റു അപാകതകൾ

1. ഒരു അപേക്ഷയിലും അപേക്ഷകരുടെ ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല

2. വാർഡ് മെമ്പറുടെ റിപ്പോർട്ടും നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടും അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഒരു ഗുണഭോക്താവൊഴികെ മറ്റ എട്ടു ഗുണഭോക്താക്കളും അവരുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. അംഗീകരിച്ച ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

6. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 11.11.2021 തീയതിയിൽ 22 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ അപാകതകളെല്ലാം പരിഹരിക്കുമെന്നും തുക മുഴുവൻ കൈമാറിയ ശേഷമാണ് അയോഗ്യരായ ഗുണഭോക്താക്കളെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ അധികം നൽകിയ തുക എത്രയും വേഗം പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ ജാഗ്രതയോടെയും കാര്യക്ഷമതയോടെയും സുതാര്യതയോടെയും പ്രവർത്തിക്കേണ്ടതാണ്.

## 1-22 സുരക്ഷാ സംവിധാനങ്ങളും ലൈസൻസുമില്ലാത്ത വള്ളം ജനങ്ങളുടെ ജീവന് ഭീഷണി

| | |
|---|---|
| പദ്ധതിയുടെ പേര് | പുതിയ വള്ളം വാങ്ങൽ |
| പദ്ധതി നം | S0036/20 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| ഫണ്ട് | വികസന ഫണ്ട് |
| അടങ്കൽ | 300000/- |
| ചെലവ് | 298790 |
| ബിൽ നം, തീയതി | 41/19 – 20, 21.02.2020 |

1.വള്ളത്തിന്റെ ലൈസൻസ് സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട രജിസ്റ്ററിലില്ല. പഴയവള്ളത്തിന്റെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിലുള്ളത്.

2.വള്ളത്തിന്റെ നിർമ്മിതി ഈ രംഗത്തെ വിദഗ്ദരുടെ നിർദ്ദേശങ്ങൾക്കു വിധേയമായി ഗുണമേന്മ പരിശോധിക്കപ്പെട്ടതിന്റെ വിവരം ലഭ്യമല്ല.

3.പഴയ വള്ളത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിവരം ലഭ്യമല്ല. (ആയത് ഉപയോഗയോഗ്യമാണോ എന്നതും മറ്റും).

4.പുതിയ വള്ളത്തിന്റെ ആവശ്യകത നിർണ്ണയിച്ചതിന്റെ വിവരം ലഭ്യമല്ല.

5.ലൈഫ് ജാക്കറ്റ് പോലുള്ള സുരക്ഷാ സന്നാഹങ്ങൾ ഏർപ്പെടുത്തിയതിന്റെ വിവരം ലഭ്യമല്ല.

മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 43/ 15.11.2021ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ആവശ്യകത നിർണ്ണയിച്ച് മാത്രം നടപ്പാക്കുകയും നിർവ്വഹണ ഘട്ടത്തിൽ ആവശ്യമായ നടപടിക്രമം പാലിക്കുകയും വേണം. ഗുണമേന്മ പരിശോധന, ലൈസൻസ് എന്നിവ കൂടാതെ വള്ളം ഉപയോഗിക്കുന്നത് ജനത്തിന്റെ ജീവന് ഭീഷണിയാണ്. സുരക്ഷാ സന്നാഹങ്ങൾ ഒരുക്കാതെ വള്ളം ഉപയോഗിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണ്. ലൈസൻസ് എടുക്കാനും സുരക്ഷാ സന്നാഹം ഒരുക്കാനുമുള്ള നടപടികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പാക്കേണ്ടതാണ്.

## 1-22-1 കടത്ത് നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്തിന്റെ പരിധിയിൽ കരുമംകുളം, കുമ്പിച്ചൽ, പൂരവിമല, കൊമ്പൈ എന്നീ നാലു കടത്തുകളാണ് നിലവിലുള്ളത്. കരുമംകുളം, കുമ്പിച്ചൽ കടത്തുകളിൽ പഞ്ചായത്ത് നിയമിച്ച ദിവസവേതന കരാർ ജീവനക്കാരും പൂരവിമല, കൊമ്പൈ കടത്തുകളിൽ പൊതുമരാമത്ത് വകുപ്പിന്റെ കരാർ ജീവനക്കാരും കടത്തുകാരായി സേവനം അനുഷ്ഠിക്കുന്നു. എന്നാൽ ഈ നാലു കടത്തുകളിലെയും വള്ളം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണ്. കടത്ത് നടത്തിപ്പ് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

**എ) കടത്തുകാരുമായി കരാറിലേർപ്പെട്ടിട്ടില്ല.**

കരുമംകുളം, കുമ്പിച്ചൽ കടത്തുകളിൽ ഓരോ കരാർ ജീവനക്കാർ കടത്തുകാരായി ജോലി ചെയ്യുന്നുണ്ടെങ്കിലും നാളിതുവരെ പഞ്ചായത്ത് അവരുമായി കരാറിലേർപ്പെട്ടിട്ടില്ല. കരാറിന്റെ അഭാവത്തിൽ അവരുടെ ജോലി സമയം സംബന്ധിച്ചോ സേവന വേതന വ്യവസ്ഥകളെ കുറിച്ചോ അവധി അനിവാര്യമായി വന്നാൽ പകരം ഏർപ്പെടുത്തേണ്ട സംവിധാനത്തെ കുറിച്ചോ വള്ളങ്ങളുടെ സംരക്ഷണവും പരിപാലനവും സംബന്ധിച്ചോ കടത്തുകാരുമായി നിയമപരമായ യാതൊരു ധാരണയും പഞ്ചായത്ത് നടത്തിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇത്തരത്തിലുള്ള കരാർ ചമയ്ക്കുവാൻ സാധിക്കാത്തത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്. ആയതിനാൽ ഭരണസമിതി ഇക്കാര്യത്തിൽ ശ്രദ്ധ പുലർത്തേണ്ടതാണ്.

**ബി) കടത്തു വള്ളങ്ങൾക്ക് ഫിറ്റ്നെസ് പരിശോധന നടത്തിയിട്ടില്ല.**

കടത്തു വള്ളങ്ങൾക്ക് നിശ്ചിത ഇടവേളകളിൽ നടത്തുവാൻ നിഷ്കർഷിച്ചിട്ടുള്ള ഫിറ്റ്നെസ് പരിശോധന നടത്തിയിട്ടില്ല. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങൾ, ചാപ്റ്റർ. II, ചട്ടം. 3 പ്രകാരം കടത്തു വള്ളങ്ങൾ 12 മാസത്തിലൊരിക്കൽ ഫിറ്റ്നെസ് (സർവ്വെ) പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്ന കാര്യമായതിനാൽ ഫിറ്റ്നെസ് പരിശോധന അത്യന്താപേക്ഷിതമായ ഒന്നാണ്.

**സി) സുരക്ഷ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടില്ല.**

കടത്തു വള്ളങ്ങളിലെ യാത്രക്കാർക്ക് സുരക്ഷ ഒരുക്കുന്നതിനുള്ള ലൈഫ്ജാക്കറ്റ്, ലൈഫ്ബോയ് എന്നിവ പോലുള്ള സുരക്ഷാ ഉപകരണങ്ങൾ യാതൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ലെന്ന് ഓഡിറ്റ് എൻക്വയറിക്കുള്ള (11/09.11.2021) മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങളിലെ ചട്ടം. 103(5)(A)(B) പ്രകാരം കടത്തു വഞ്ചികളിലെ ഓരോ യാത്രക്കാർക്കും ലൈഫ്ജാക്കറ്റ് പോലുള്ള സുരക്ഷ മാനദണ്ഡങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

**ഡി) കടത്തു വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കടത്തു വള്ളങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല. 2010ലെ കേരള ഇൻലാന്റ് വെസ്സൽസ് ചട്ടങ്ങളിലെ ചട്ടം. 14 അനുസരിച്ച് എല്ലാ തരം കടത്തു വഞ്ചികളും ചുമതലപ്പെട്ട മേലധികാരി (Competent Authority) മുമ്പാകെ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്.

**ഇ) കടത്ത് സന്ദർശിച്ച് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.**

സെക്രട്ടറി നിശ്ചിത ഇടവേളകളിൽ കടത്ത് സന്ദർശിച്ച് അതിന്റെ പ്രവർത്തനം സംബന്ധിച്ച് വിലയിരുത്തൽ നടത്തി റിപ്പോർട്ട് തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാട്ടി 09.11.2021 ൽ നല്കിയ 11 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ഈ വിവരം പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കടത്തുകളുടെ പ്രവർത്തനം ക്രമ പ്രകാരമാക്കുവാൻ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 19 B 9363 എന്ന നമ്പരിലുള്ള Bolero Jeep വാഹനമാണുള്ളത്. ഇതിന്റെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**പുക പരിശോധയ്ക്ക് (Pollution Test) വിധേയമാക്കിയിട്ടില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 B 9363 Bolero Jeep വാഹനത്തിന്റെ 2019-20 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 11.11.2021 തീയതിയിൽ 23 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയിൽ പൊല്യൂഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

**മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ പരിപാലിക്കുന്നില്ല.**

അറ്റകുറ്റപ്പണികൾ, സ്പെയർ പാർട്സുകൾ മാറ്റി സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികളും അതിനു വേണ്ടിവന്ന ചെലവ്, തീയതി തുടങ്ങിയ വിവരങ്ങളും ഉൾപ്പെടുത്തിയിട്ടുള്ള മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും ഇന്ധനം നിറച്ച തീയതി, അളവ്, വില, വാഹന നമ്പർ എന്നീ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടുള്ള ഇന്ധന രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്റർ, ഇന്ധന രജിസ്റ്റർ എന്നിവ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് 11.11.2021 തീയതിയിൽ 23 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മെയിന്റനൻസ് റിപ്പയർ ചെലവുകളും ഇന്ധനം നിറയ്ക്കുന്നതിന്റെ വിവരങ്ങളും കണ്ടിജന്റ് രജിസ്റ്ററിൽ പ്രത്യേകം പേജിൽ എഴുതി വരുന്നു എന്ന മറുപടിയാണ് ലഭ്യമാക്കിയത്. സ.ഉ (പി) നം. 803/70/ ഫിൻ തീയതി. 13.11.1970 പ്രകാരം പുറപ്പെടുവിച്ച മോട്ടോർ വാഹനങ്ങളുടെ ഉപയോഗത്തിനുള്ള ചട്ടങ്ങളിലെ ചട്ടം.I(3) അനുസരിച്ച് വാഹനങ്ങളുടെ നിയന്ത്രണോദ്യോഗസ്ഥൻ സൂക്ഷിക്കേണ്ട പ്രധാന രേഖകളാണ് മെയിന്റനൻസ് ആന്റ് റിപ്പയർ രജിസ്റ്ററും

ഇന്ധന രജിസ്റ്ററും. ആയതിനാൽ മേൽപ്പറഞ്ഞ രജിസ്റ്ററുകൾ തയ്യാറാക്കി സൂക്ഷിക്കേണ്ടത് നിയന്ത്രണോദ്യോഗസ്ഥന്റെ ഉത്തരവാദിത്തമാണ്.

## 1-24 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തുന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. രജിസ്ട്രേഷൻ നമ്പർ രേഖപ്പെടുത്തുന്നില്ല.

ലോഗ്ബുക്കിന്റെ നിർദ്ദിഷ്ട ഭാഗത്ത് വാഹനത്തിന്റെ രജിസ്ട്രേഷൻ നമ്പർ, Type Of Vehicle എന്നീ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതാണ്.

3. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 11.11.2021 ന നൽകിയ 23 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-25 കരാർ കാലാവധിക്കുള്ളിൽ പണി പൂർത്തികരിച്ചില്ല - പിഴ ഈടാക്കിയില്ല

2012 ലെ പി.ഡബ്ല്യു.ഡി മാന്വലിലെ ഖണ്ഡിക 2112 പ്രകാരം ഒരു തവണ അസ്സൽ കാലാവധിയുടെ 25 ശതമാനമോ ആറ് മാസമോ ഏതാണോ കുറവ് ആ കാലാവധി വരെ ദീർഘിപ്പിച്ചു നൽകാവുന്നതാണ്. അസ്സൽ കാലാവധിയുടെ 50 ശതമാനത്തിൽ കൂടുതൽ കാലാവധി ദീർഘിപ്പിച്ചു നൽകാവുന്നതല്ല. മാന്വലിലെ ഖണ്ഡിക 2112.1 പ്രകാരം കരാറുകാരന്റേതായ കാരണങ്ങളാൽ കരാർ കാലാവധി ദീർഘിപ്പിച്ചു നൽകുമ്പോൾ നിശ്ചിത തുക പിഴയായി ഈടാക്കേണ്ടതാണ്. കരാർ കാലാവധി തീരുന്നതിനു മുമ്പ് കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ കരാറുകാരൻ നൽകേണ്ടതും എഞ്ചിനിയർ പരിശോധിക്കേണ്ടതുമാണ്. കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള പിഴ താഴെ പറയും പ്രകാരം നിശ്ചയിച്ചിട്ടുണ്ട്.

| കാലാവധി | പിഴയുടെ നിരക്ക് |
|---|---|
| ആദ്യ തവണ ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 1%<br>കുറഞ്ഞത്<br>1000/- രൂപ<br>കൂടിയത്<br>50000/- രൂപ |

| | |
|---|---|
| ആദ്യത്തെ ദീർഘിപ്പിക്കലിനു ശേഷവും ദീർഘിപ്പിക്കുന്നതിന് | പി.എ.സിയുടെ 2%<br>കുറഞ്ഞത് 2000/- രൂപ<br>കൂടിയത് 100000/- രൂപ |

188/19-20 -കുട്ടപ്പു- അമ്മത റോഡ് മെറ്റലിംഗ് & ടാറിംഗ്, 97/20 -കഴക്കുവൽ വട്ടം-കരിമ്പുമന്നാടി റോഡിലെ കലുങ്കും സ്ലാബ് നിർമ്മാണവും, 186/19-20 കളത്തിപ്പാറ- വെള്ളരിക്കുന്ന് റോഡ് റീ ടാറിംഗ് എന്നിവയിലെ പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചു നൽകിയത് മാന്വൽ അനുസരിച്ചുള്ള നടപടിക്രമങ്ങൾ പാലിക്കാതെയാണെന്ന് കണ്ടെത്തി. കരാറുകാരിൽ നിന്നും മതിയായ പിഴ ഈടാക്കാതെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുമുണ്ട്. വിശദാംശങ്ങൾ ഭാഗം 3 ലെ ഖ. 3-2 ൽ നൽകിയിട്ടുണ്ട്. ഖ. 3-1 കാണുക.

| പ്രവർത്തിയുടെ പേര്, നം | കരാർ കാലാവധി. | പ്രവർത്തി തുടങ്ങിയ തിയതി | പൂർത്തീകരിച്ച തിയതി | അധികമായി എടുത്ത ദിവസം(A). | പിഴ ഇല്ലാതെ അനുവദനീയമായ ദിവസം(B) | A-B | എഗ്രീഡ് പി.എ.സി | ഈടാക്കേണ്ട തുക | കോൺട്രാക്ടർ | ബിൽനം.തുക, തിയതി. |
|---|---|---|---|---|---|---|---|---|---|---|
| റീടാറിംഗ്-കുട്ടപ്പു-അമ്മത റോഡ്-188/19-20 | 5mnts | 06/30/18 | 03/26/19 | 116 | 29 | 87 | 332188 | 3321/ | ശ്രീ.സജു. എസ്.വി.ഭവൻ പാറശ്ശാല. | ബിൽനം9/19-20/26.07.19 |
| കളതിതീപ്പാറ വെള്ളരിക്കുന്ന് റോഡ് റോഡ് 186/19-20 | 5mnts | 07/06/18 | 03/14/19 | 98 | 25 | 73 | 480531/ | 4805/ | ബിജു.ജി. തേരിവിള, കട്ടച്ചൽകുഴി, ബാലരാമപുരം. | ബിൽനം18/19-20/ 8.18.19. |
| | | | | | | | | 8126/ | | |

## 1-26 വെൽഫെയർ ഫണ്ട് - കളക്ഷൻ ചാർജ് പഞ്ചായത്തിന് ലഭിച്ചിട്ടില്ല.

1996-ലെ കേരള ബിൽഡിംഗ് ആന്റ് അദർ .....കളക്ഷൻ വെൽഫെയർ സെസ് ആക്ട് വകുപ്പ് 3-1 പ്രകാരം പ്രവർത്തികളുടെ ആകെ മൂല്യത്തിന്റെ 1% ബന്ധപ്പെട്ട പ്രവൃത്തിയുടെ ബില്ലിൽ നിന്ന് വസൂലാക്കി വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അടവാക്കേണ്ടതും വകുപ്പ് 3-3 പ്രകാരം വസൂലാക്കിയ തുകയുടെ 1% കളക്ഷൻ ചാർജിനത്തിൽ അതത് തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് ഈടാക്കാവുന്നതാണ്. 2019-20 ൽ കോംഉ നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം പിരിച്ചയിനത്തിൽ കളക്ഷൻ ചാർജ് ഈടാക്കിയിട്ടില്ലാത്തതായി കണ്ടു. കളക്ഷൻ ചാർജിനത്തിൽ അർഹമായ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-27 മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഇല്ലാതെ ബില്ലുകൾ മാറുന്നു-

ഗ്രാമപഞ്ചായത്തിന്റെ മരാമത്ത് പ്രവർത്തികളിൽ മോണിട്ട്റിംഗ് സമിതിയുടെ റിപ്പോർട്ടുകളില്ലാതെ ബില്ലുകൾ മാറുന്ന രീതീയാണ് ഇവിടെ അവലംബിച്ചിട്ടുള്ളത്. ഓരോ പ്രോജക്ടിന്റെയും മോണിട്ടറിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതാണ്. അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിക്കണം. മോണിട്ടറിംഗ് കമ്മിറ്റികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണ ഉദ്ദോഗസ്ഥനും ഭരണസമിതിക്കും നൽകണമെന്ന് മാർഗ്ഗരേഖയിൽ അനുശാസിക്കുന്നു.

## 1-28 റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കിയിട്ടില്ല

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും റോഡ് കണക്റ്റിവിറ്റി മാപ്പും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കണമെന്ന് പദ്ധതി മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്നുണ്ട്. പഞ്ചായത്തിന്റെ പല റോഡ് പ്രവൃത്തികളും കണക്റ്റിവിറ്റി ഇല്ലാതെയാണ് നിർവ്വഹിച്ചിട്ടുള്ളത്. റോഡ് നിർമ്മാണ പ്രോജക്ടിനോടൊപ്പം റോഡ് കണക്റ്റിവിറ്റി മാപ്പിൽ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്. അത്തരത്തിൽ റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-29 കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പദ്ധതികൾ സംബന്ധിച്ച്

1.പ്രോജക്റ്റ് നം. - S007/20

പ്രോജക്റ്റിന്റെ പേര് - ഹരിതഭവനം

അടങ്കൽ തുക - 307840/-രൂപ (112000/-വികസന ഫണ്ട് (ജനറൽ)),

112000/-(ജില്ലാപഞ്ചായത്ത് വിഹിതം),

83840/-(ഗുണഭോക്തൃ വിഹിതം),

ചെലവ് തുക -124220/- രൂപ(91000/-വികസന ഫണ്ട് (ജനറൽ)),

21000/-(ജില്ലാപഞ്ചായത്ത് വിഹിതം),

12220/-(ഗുണഭോക്തൃ വിഹിതം),

I)ഹരിതഭവനം പദ്ധതിയുമായി ബന്ധപ്പെട്ട് 14.02.2018-ലെ ജി.ഒ(എം.എസ്)22/2018 നമ്പർ ഉത്തരവിലെ ഖ.6.1(20)പ്രകാരം വീട്ടുവളപ്പിൽ പരിസ്ഥിതി സൗഹൃദമായി ചെയ്യാൻ കഴിയുന്ന കൃഷി, മൃഗസംരക്ഷണം, ക്ഷീരവികസനം, ജലവിഭവ സംരക്ഷണം മാലിന്യ സംസ്കരണം, ഊർജ്ജ സംരക്ഷണം ഭക്ഷ്യ സുരക്ഷയുമായി ബന്ധപ്പെട്ട പ്രവർത്തികളുടെ ഒരു പട്ടിക ഗുണഭോക്താക്കൾക്ക് നൽകി അടുത്ത നാല് വർഷങ്ങളിലായി ഗുണഭോക്താക്കൾക്ക് നടപ്പാക്കാൻ കഴിയുന്ന പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ Benificiary Enrolment Form വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ നിന്ന് രേഖപ്പെടുത്തി വാങ്ങിയ Benificiary Enrolment Form പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

2.ജി ഒ (എം എസ്) 11/2018/തസ്വഭവ 29.01.2018 ഖ 11.4 പ്രകാരം നിർവ്വഹണം പൂർത്തിയാകുമ്പോൾ തന്നെ എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പ്രോജക്ടുകളുടെ പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതാണ്. കൂടാതെ ഖ. 13.1പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കുകയും മോണിറിംഗ് റിപ്പോർട്ടുകൾ തയ്യാറാക്കി യഥാസമയം നിർവ്വഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നൽകേണ്ടതാണ്. ആയതു പ്രകാരം 2019-20 വർഷം പൂർത്തിയാക്കിയ പദ്ധതികളുടെ പൂർത്തീകരണ സാക്ഷ്യപത്രങ്ങളും മോണിറ്ററിംഗ് റിപ്പോർട്ടുകളും പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.

3) 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം. ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിച്ചത് സംബന്ധിച്ച 2019-20 വർഷം നിർവ്വഹണം നടത്തിയ പദ്ധതികളുടെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 29/12.11.2021-നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 1-30 കന്നുകുട്ടി പരിപാലനം(വനിത) - വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല - 312500/-രൂപ തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0055/20 |
| പ്രോജക്ടിന്റെ പേര് | കന്നുകുട്ടി പരിപാലനം(വനിത) |
| അടങ്കൽ | 625000/- |

| | |
|---|---|
| | (312500/-വികസനഫണ്ട്<br>312500/-ഗുണഭോക്തൃവിഹിതം) |
| ചെലവ് | 312500/-വികസനഫണ്ട് |
| ബിൽ നമ്പർ | 04/25-02-2020 87360/-രൂപ<br>05/25-02-2020 87360/-രൂപ<br>06/25-02-2020 87360/-രൂപ<br>07/25-02-2020 49920/-രൂപ<br>ചെക്ക് ലം.1825141 തീ.11.03.20<br>500/-രൂപ |

ഗ്രാമപഞ്ചായത്ത് മൃഗാശുപത്രിയിൽ നിലവിലുള്ള കന്നുകുട്ടി രജിസ്റ്ററിൽ പേര് ഉൾപ്പെടുത്തി ഗ്രാമസഭയുടെ അംഗീകാരത്തോടെ രണ്ട് മാസം മുതൽ ആറ് മാസം പ്രായമായ കന്നുകുട്ടികൾക്ക് കാലിത്തീറ്റ നൽകുന്നതിനായി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകുക എന്നതാണ് പ്രോജക്റ്റ് ലക്ഷ്യം [സ.ഉ.(എം.എസ്)22/തസ്വഭവ തീയതി 14-02-2018 ഖണ്ഡിക 6.2 ക്രമ നമ്പർ 6]. കന്നുകുട്ടികളുടെ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പു വരുത്തുവാനും പ്രോജക്റ്റ് ലക്ഷ്യമിട്ടിരുന്നു. പ്രോജക്റ്റ് ഫയലിൽ മേൽ പരാമർശിച്ച തുക എസ്.എൽ.ബി.പി ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, പദ്ധതി പൂർത്തീകരിച്ചതിന്റെ പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല. പദ്ധതിയുടെ ഭാഗമായി കാലിതീറ്റ വിതരണം നടത്തുന്നതിനായി അമ്പൂരി ക്ഷീര സഹകരണ സംഘത്തെയാണ് തെരഞ്ഞെടുത്തത്. പ്രസ്തുത ക്ഷീര സഹകരണ സംഘത്തിന്റെ കാലിത്തീറ്റ വിതരണ രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമായില്ല.

മേൽ രേഖകൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ വിനിയോഗ സാക്ഷ്യപത്രത്തിനുള്ള അപേക്ഷ ഡെപ്യൂട്ടി ഡയറക്ടർക്ക് (എസ്.എൽ.ബി.പി) നൽകിയിട്ടുണ്ടെന്നും ആയത് ലഭിക്കുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്നും അറിയിച്ചിരിക്കുന്നു. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 312500/-രൂപ തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-31 മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നിർവ്വഹണം

2019-20 വർഷം വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി വളർത്തുമൃഗങ്ങളെ വാങ്ങി നൽകുന്ന 6 പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കിയിരുന്നു. (പശുവളർത്തൽ(50/20), പെണ്ണാട് വളർത്തൽ-വനിത(51/20), പെണ്ണാട് വളർത്തൽ-എസ് .സി വനിത(51/20), ആട് വളർത്തൽ - എസ്.റ്റി വനിത(53/20), പോത്തുകുട്ടി വളർത്തൽ - വനിത(56/20), പെണ്ണാട് വളർത്തൽ-വനിത(144/20)). വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ചവർ ഭൂരിഭാഗം പേരും തന്നെ പഞ്ചായത്തിൽ തന്നെയുള്ള വ്യക്തികളിൽ നിന്നുമാണ് മൃഗങ്ങളെ വാങ്ങിയിട്ടുള്ളത്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപാദനത്തിൽ സ്വയം പര്യാപ്തത നേടുകയെന്നതായിരിക്കണം മൃഗ സംരക്ഷണ ക്ഷീര വികസന പ്രോജക്ടുകളിലൂടെ ലക്ഷ്യമിടേണ്ടതെന്ന് സ.ഉ.(കൈ.)നം.11/2018/തസ്വഭവ തീയതി:29.01.18 പ്രകാരമുള്ള പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വളർത്തുമൃഗങ്ങളെ വാങ്ങുന്നതിന് ആനുകൂല്യം ലഭിച്ചവർ എല്ലാവരും തന്നെ പഞ്ചായത്തിൽ തന്നെയുള്ള വ്യക്തികളിൽ നിന്നും മൃഗങ്ങളെ വാങ്ങിയത് മൂലം ഗ്രാമപഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ എണ്ണത്തിൽ യാതൊരു വർദ്ധനവും ഉണ്ടായിട്ടില്ലാത്തതും പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുകയെന്ന ലക്ഷ്യത്തിനു പദ്ധതി ഉതകിയതുമില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ അമ്പൂരി പഞ്ചായത്തിന്റെ ചുറ്റിനുമുള്ള പഞ്ചായത്തുകളിൽ കുളമ്പ് രോഗം, തെയിലേറിയ, അനാപ്ലാസ്മ എന്നീ അസുഖങ്ങൾ കൂടുതലായി കാണപ്പെടുന്നുണ്ടെന്നും ആയതിനാൽ പുറത്തുനിന്ന് പശുക്കളെ കൊണ്ടുവരുന്നത് അനാരോഗ്യമാണെന്നും അറിയിച്ചിരിക്കുന്നു. കൂടാതെ സബ്സിഡി ആനുകൂല്യം നൽകി കൂടുതൽ ആളുകളെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതുകൊണ്ട് പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനം വർദ്ധിച്ചിട്ടുണ്ടെന്നും പരമ്പരാഗത കർഷകർ പലരും വീണ്ടും ഈ മേഖലയിലേക്ക് വന്നിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

വളർത്ത് പക്ഷികളെയും മൃഗങ്ങളെയും വളർത്താനായി ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടുന്ന എല്ലാവരും നിർബന്ധമായും മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പ് ഇതിനായി നല്കുന്ന പരിശീലനങ്ങളിൽ പങ്കെടുത്ത് വിജയകരമായി പൂർത്തീകരിച്ചവരായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ഗുണഭോക്താക്കൾ അത്തരം പരിശീലനം പൂർത്തിയാക്കിയതിന്റെ രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 21 നുള്ള മറുപടിയിൽ ക്ഷീര ഡയറി വകുപ്പിന്റെ സർട്ടിഫിക്കറ്റ് ട്രെയിനിംഗിൽ പങ്കെടുത്ത ആരും തന്നെ ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ ആദ്യത്തെ ഗുണഭോക്തൃ മീറ്റിംഗിൽ തന്നെ വിതരണ പദ്ധതിയിൽ ഉൾപ്പെട്ട ആളുകൾക്ക് വെറ്ററിനറി സർജൻ ക്ലാസ്സ് നൽകിയിട്ടുണ്ടെന്നും അറിയിച്ചിരിക്കുന്നു.

## 1-32 പോത്തുകുട്ടി വളർത്തൽ രേഖകൾ ലഭ്യമായില്ല -16000/-തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | **പോത്തുകുട്ടി വളർത്തൽ** (വനിത) |
| അടങ്കൽ | 520000/-(വികസനഫണ്ട്) |
| ചെലവ് | 288000/-(വികസനഫണ്ട്) |
| ബിൽ നമ്പർ | 24/20-03-2020 48000/-രൂപ<br>25/20-03-2020 48000/-രൂപ<br>26/20-03-2020 24000/-രൂപ<br>33/20-03-2020 48000/-രൂപ<br>34/20-03-2020 48000/-രൂപ<br>40/31-03-2020 40000/-രൂപ<br>41/31-03-2020 32000/-രൂപ |

വെറ്ററിനറി സർജൻ നിർവ്വഹണം നടത്തിയ പദ്ധതികളിൽ താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1.പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് 24/20-03-2020 ബിൽ പ്രകാരം ശ്രീമതി ഷീജ തോമസ് എന്ന ഗുണഭോക്താവിന് പോത്തുകുട്ടിയെ വിലയ്ക്ക് നൽകിയ ശ്രീമതി ലീന.എസ് എന്ന വ്യക്തിയ്ക്ക് സബ്സിഡി തുക 8000/-രൂപ 67084461739 എന്ന അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ശ്രീമതി ലീന.എസ് ഹാജരാക്കിയ പാസ് ബുക്ക് പ്രകാരം (ഫയലിൽ ലഭ്യമായത്) അക്കൗണ്ട് നമ്പർ 12290100099244 ആണ്. പ്രസ്തുത ബില്ലിന്റെ UTR പരിശോധനയ്ക്ക് ലഭ്യമായില്ല.

2.ബിൽ നം.41/31-03-2020 പ്രകാരം 8000/-രൂപ ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ശ്രീമതി ലീന.എസ് എന്ന വ്യക്തിയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഏത് ഗുണഭോക്താവിന് പോത്തുകുട്ടിയെ വിലയ്ക്ക് നൽകിയതെന്നതിനെ സംബന്ധിക്കുന്ന രേഖകൽ ഫയലിൽ ലഭ്യമല്ല. പ്രസ്തുത വ്യക്തിയിൽ നിന്ന് പോത്തുകുട്ടിയെ വാങ്ങിയ ഗുണഭോക്താവിന്റെ അപേക്ഷ, പ്രസ്തുത ഗുണഭോക്താവ് അമ്പൂരി പഞ്ചായത്തിൽ സ്ഥിരതാമസക്കാരനാണെന്ന് തെളിയിക്കുന്ന രേഖ, ശ്രീമതി ലീന.എസ് എന്ന വ്യക്തിയുടെ അക്കൗണ്ടുമായി ബന്ധപ്പെട്ട പാസ്ബുക്കിന്റെ പകർപ്പ് എന്നിവ പരിശോധനയ്ക്ക് ലഭ്യമായില്ല.

## 1-33 പെണ്ണാട് വളർത്തൽ (വനിത)-പദ്ധതി നടത്തിപ്പിലെ അപാകതകൾ - 150000/-രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നം. - 144/20

പ്രോജക്റ്റിന്റെ പേര് - പെണ്ണാട് വളർത്തൽ (വനിത)

അടങ്കൽ തുക - 245000/-രൂപ(വികസന ഫണ്ട് (ജനറൽ))

5000/-രൂപ(തനത് ഫണ്ട് )

ചെലവ് തുക –150000/-രൂപ(വികസന ഫണ്ട് (ജനറൽ))

ബിൽ നം/തീയതി - 2/2019-20 തീ.07.05.2019 110000/-രൂപ

3/2019-20 തീ.07.05.2019 30000/-രൂപ

12/2019-20 തീ.24.02.2020 10000/-രൂപ

വനിതാകൾക്ക് പെണ്ണാട് വളർത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതിയിൽ 25000/-രൂപയ്ക്ക് 3 ആടുകൾ വാങ്ങുന്നതിനായി 10000/- രൂപ സബ്സിഡിയായി നൽകുന്നു. പ്രസ്തുത പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

എ. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് പരിശോധനയ്ക്ക് ലഭ്യമായില്ല. ആയതിനാൽ ആയതിനാൽ ആനുകൂല്യം ലഭിച്ചവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടവരാണോ എന്ന് പരിശോധിക്കാൻ കഴിഞ്ഞില്ല.

ബി. ബിൽ നം.2/2019-20 തീ.07.05.2019 പ്രകാരം ശ്രീമതി ലീല .ജെ എന്ന വ്യക്തിയ്ക്ക് 10000/-രൂപ നൽകിയിട്ടുണ്ട്. പ്രസ്തുത വ്യക്തിയിൽ നിന്നാണ് ശ്രീമതി.ലില്ലിക്കുട്ടി എന്ന ഗുണഭോക്താവ് ആടുകളെ വാങ്ങിയത്. ശ്രീമതി.ലീല.ജെ ലഭ്യമാക്കിയ ഫെഡറൽ ബാങ്കിന്റെ പാസ്സ് ബുക്കിന്റെ പകർപ്പ് പ്രകാരമുള്ള അക്കൗണ്ട് നമ്പർ 12290100224669 ആണ്. എന്നാൽ ബിൽ പ്രകാരം ഫെഡറൽ ബാങ്കിന്റെ 12290100023921 എന്ന അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. പ്രസ്തുത ബില്ലിന്റെ UTR പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടിട്ടും ആയത് ലഭ്യമായില്ല. 10000/-രൂപ ശ്രീമതി ലീല .ജെ -ക്ക് തന്നെയാണ് നൽകിയിട്ടുള്ളതെന്നതിനെ സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

മേൽ രേഖകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 നുള്ള മറുപടിയിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി നൽകുന്നതാണെന്ന് നിലവിലെ വെറ്ററിനറി സർജൻ മറുപടി നൽകിയിരിക്കുന്നു. മേൽ രേഖകളുടെ അഭാവത്തിൽ ചെലവ് തുകയായ 150000/-രൂപ തടസ്സപ്പെടുത്തുന്നു. ആയത് ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-34 ക്ഷീര സമൃദ്ധി (ജനറൽ) - ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ അപാകതകൾ

പ്രോജക്റ്റ് നം. - 21/20

അടങ്കൽ തുക - 100000/-രൂപ(വികസന ഫണ്ട് (ജനറൽ))

200000/-രൂപ(ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

100000/-രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)

ചെലവ് തുക –100000/-രൂപ(വികസന ഫണ്ട് (ജനറൽ))

100000/-രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

ബിൽ നം/തീയതി - 1/2019-20 തീ.17.12.2019 100000/-രൂപ

ചെക്ക് നം/തീയതി - 2351329 തീ.6.03.2020 100000/-രൂപ

പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ലഭ്യമായ ഗുണഭോക്തൃലിസ്റ്റിൽ 75 പേർ ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ ഉൾപ്പെട്ട 27 പേർക്ക് മാത്രമാണ് സബ്സിഡി ലഭിച്ചിട്ടുള്ളത്. 10/12/19-ലെ 2(1) നമ്പർ തീരുമാന പ്രകാരം നിലവിലുള്ള ഗുണഭോക്തൃലിസ്റ്റിൽ ഗുണഭോക്താക്കൾ കുറവായതിനാൽ ഡി.എഫ്.ഐ സമർപ്പിച്ച അന്നൂരി ഗ്രാമപഞ്ചായത്തിന്റെ വിവിധ സംഘങ്ങളിലെ ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുണ്ട്. യഥാർത്ഥ ഗുണഭോക്താക്കൾ ഉണ്ടായിട്ടും അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ പ്രസ്തുത ഗുണഭോക്താക്കൾ ഉൾപ്പെടാത്തത് ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ വീഴ്ചയാണ്. ആയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 26 നുള്ള മറുപടിയിൽ ക്ഷീര സംഘങ്ങളിൽ പാലളക്കാത്തവർക്ക് ടി പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ കഴിയില്ലെന്നും ടി പദ്ധതി പ്രകാരം ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകരുടെ പേരും പാലളവ് വിവരങ്ങളും സംഘം സെക്രട്ടറി അംഗീകരിച്ചു തരുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് അർഹരായവർക്ക് സബ്സിഡി ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ആയതിനാൽ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള

ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന മുഴുവൻ കർഷകർക്കും മാർഗ്ഗരേഖ പ്രകാരം പദ്ധതി ആനുകൂല്യം ലഭ്യമാക്കിയിട്ടുള്ളതെന്ന് അറിയിച്ചിരിക്കുന്നു.

29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം. ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. ഈ നിർദ്ദേശം പാലിക്കാതെയാണ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്തിയിരിക്കുന്നത്.

അർഹരായവർക്കെല്ലാം മുൻഗണനാക്രമത്തിൽ ആനുകൂല്യം ലഭിക്കുന്നുവെന്നും അനർഹർ അനധികൃതമായി ആനുകൂല്യം കൈപ്പറ്റുന്നില്ലെന്നും ഉറപ്പുവരുത്തേണ്ടതാണ്. മേൽ ഉത്തരവിൽ പ്രതിപാദിക്കുന്ന വിധത്തിൽ കുറ്റമറ്റരീതിയിൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടത്താൻ വാർഡ് മെമ്പർമാർ, ഡയറി ഫാം ഇൻസ്ട്രക്ടർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവർ ശ്രദ്ധിക്കേണ്ടതും അതിന് ആവശ്യമായ മേൽനോട്ടം പഞ്ചായത്ത് ഭരണസമിതി സ്വീകരിക്കേണ്ടതാണ്.

## 1-35 ചീനിക്കാല നെട്ടുപുല്ലി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ - ചെലവിൽ പൊരുത്തക്കേട്

ചീനിക്കാല നെട്ടുപുല്ലി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ (S0 150/ 20) പദ്ധതിയ്ക്ക് ചെലവ് പത്രിക പ്രകാരം 107000/- രൂപ അടങ്കലും 88000/- രൂപ ചെലവും ഉണ്ട്. എന്നാൽ പ്രസ്തുത ഫയലിലെ രേഖകൾ പ്രകാരം 269000/- രൂപ ചെലവുണ്ട്. (88000/- രൂപ, ബിൽ നം 8/19 – 20, 12.06.2019, ബ്ളോക് ഷെയർ 181000/- രൂപ, സാംഖ്യ ബിൽ നം 0, റിക്വിസിഷൻ നം 502900720118056, 27.03.2019). ചെലവ് സംബന്ധിച്ച് പൊരുത്തക്കേടിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 42/15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ട്, ബ്ളോക്ക്- ജില്ലാ പഞ്ചായത്തുകൾ എന്നിവയുടെ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നിർവ്വഹിക്കുമ്പോൾ യഥാസമയം സാഖ്യയിൽ രേഖപ്പെടുത്തൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്. അല്ലാത്തപക്ഷം ചെലവ് ശതമാനം കുറഞ്ഞ് കാണുന്നതിന് ഇടയാകുകയും ഇത് പഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രികയിൽ പ്രതിഫലിക്കുകയും ഭാവിയിൽ ഫണ്ടിന്റെ ലഭ്യതയെ ബാധിക്കുകയും ചെയ്യാവുന്നതാണ്. ആയതിനാൽ അക്കൗണ്ടിംഗ് നടപടിക്രമം കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ അക്കൗണ്ടന്റ് തന്റെ ഉത്തരവാദിത്വം നിറവേറ്റുന്നുവെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.

## 1-36 പദ്ധതി നിർവ്വഹണം ഫലപ്രദമാകുന്നില്ല

1. 2019 – 20 ൽ ചുവടെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽത്തുക | ഫണ്ട് |
|---|---|---|---|
| 1 | വള്ളം മെയിന്റനൻസ് (37/ 19 – 20) | 300000 | വികസന ഫണ്ട് |
| 2 | പി എം വൈ ഭവന നിർമ്മാണം (എസ് റ്റി) (62/19 -20) | 863500 | വികസന ഫണ്ട് - റ്റി എസ് പി |
| 3 | തെരുവ് വിളക്ക് മെയിന്റനൻസ് (63/19 -20) | 763600 | ധനകാര്യ കമ്മിഷൻ അവാർഡ് |
| 4 | തെരുവ് വിളക്ക് മെയിന്റനൻസ് (SO 165/19 -20) | 150000 | വികസന ഫണ്ട് |
| 5 | ഹോമിയോ ആശുപത്രിക്ക് കുടിവെള്ളം (SO169/19 -20) | 25000 | മെയിന്റനൻസ് ഫണ്ട് റോഡിതരം |
| 6 | സാഗി (SO171/19 -20) | 200000 | തനത് ഫണ്ട്, മറ്റുള്ളവ |
| 7 | കണ്ണമാമൂടിൽ സോളാർ ലൈറ്റ് സ്ഥാപിക്കൽ | 100000 | ധനകാര്യ |

| | | | |
|---|---|---|---|
| | (217/ 19 -20) | | കമ്മീഷൻ അവാർഡ് |
| 8 | എൽ ഇ ഡി ലൈറ്റ് സ്ഥാപിക്കൽ (SO218/19 -20) | 881000 | ധനകാര്യ കമ്മീഷൻ അവാർഡ് |
| 9 | പഞ്ചായത്ത് ഓഫീസിലെ സെർവ്വറിന് എ എം സി എടുക്കൽ (246/19 -20) | 30000 | തനത് ഫണ്ട് |

2. ചുവടെ ചേർക്കുന്ന പദ്ധതികളിലെ ചെലവ് ശതമാനം കുറവാണ്.

| ക്രമ നം | പദ്ധതി | അടങ്കൽ ത്തുക | ഫണ്ട് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | ഇ എം എസ് ഭവന വായ്പ തിരിച്ചടവ് | 726638 | വികസന ഫണ്ട്, തനത് ഫണ്ട് | 19.7 |
| 2 | കായിക മത്സരം സംഘടിപ്പിക്കൽ | 120000 | വികസന ഫണ്ട് | 58.73 |
| 3 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 250000 | വികസന ഫണ്ട്, തനത് ഫണ്ട് | 43.6 |
| 4 | കേരളോത്സവം | 100000 | വികസന ഫണ്ട്, തനത് ഫണ്ട് | 44.9 |
| 5 | വെള്ളക്കരം അടയ്ക്കൽ | 1858000 | ധനകാര്യ കമ്മിഷൻ അവാർഡ് | 39.02 |
| 6 | പി എം എ വൈ ഭവന നിർമ്മാണം (എസ് റ്റി) | 380000 | വികസന ഫണ്ട് റ്റി എസ് പി | 47.01 |
| 7 | പദ്ധതി രൂപീകരണവും മോണിറ്ററിംഗും | 14426 | വികസന ഫണ്ട് | 71.17 |
| 8 | പുറുത്തിപ്പാറ അങ്കണവാടിക്ക് കുടിവെള്ളം | 50000 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 66 |
| 9 | തേക്കുപാറ അങ്കണവാടിക്ക് കുടിവെള്ളം | 25000 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 46.4 |
| 10 | പഞ്ചായത്ത് ഓഫീസിന് യു പി എസ് | 55000 | വികസന ഫണ്ട് | 76.76 |

മേൽ വീഴ്ചകൾക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 32/12.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ നടപ്പാക്കാൻ കഴിയുമെന്ന് ഉറപ്പാക്കേണ്ടതാണ്. നിർവ്വഹണം നടത്താൻ കഴിയാത്ത അവസ്ഥയുണ്ടെങ്കിൽ പകരം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കി പണം ചെലവഴിക്കാതെ പോകുന്നവെന്ന് ഉറപ്പാക്കേണ്ടതാണ്. പദ്ധതികൾ നടപ്പാക്കാതിരിക്കുന്നതും ചെലവ് ശതമാനം കുറയുന്നതും ഗുരുതര വീഴചയായി ഓഡിറ്റ് വിലയിരുത്തുന്നു. സ്റ്റാന്റിംഗ് കമ്മിറ്റി, മോണിറ്ററിംഗ് കമ്മിറ്റി എന്നിവ കൃത്യമായി മേൽനോട്ടവും, മോണിറ്ററിംഗും നടത്തി പദ്ധതി നിർവ്വഹണം ഫലപ്രദമാക്കേണ്ടതാണ്.

**<u>1-37 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - പദ്ധതികൾ ലക്ഷ്യം കൈവരിക്കുന്നില്ല - 1693530/- രൂപ തടസ്സപ്പെടുത്തുന്നു.</u>**

ചുവടെച്ചേർക്കുന്ന പദ്ധതികളുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | പദ്ധതി നം | ഫണ്ട് | അടങ്കൽ | ചെലവ് | ബിൽ നം, തീയതി |
|---|---|---|---|---|---|---|
| 1 | കാഞ്ചിമൂട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | S0 45/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 150000 | 148900 | 44/19-20, 20.01.2020 |
| 2 | കുറ്റിക്കൽ - പുതുപ്പള്ളിയിൽ പൈപ്പ് ലൈൻ നീട്ടൽ | S0 61/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 120000 | 117900 | 52/19-20, 20.01.2020 |
| 3 | ചീനിക്കാല നെടുംപല്ലി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ രണ്ടാം ഘട്ടം | S0150/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 107000 | 107000 | 08/19-20, 12.06.2019 |
| 4 | കോങ്കോട്ടുപാറ ഷെഡുനട റോഡ് കാളിപ്പാറ കുടിവെള്ള പദ്ധതി ലൈൻ നീട്ടൽ | S0151/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 100000 | 100000 | 11/19 - 20, 12.06.2019 |
| 5 | പാമ്പരംകാവ് കോളനിയിലേക്ക് കാളിപ്പാറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | S0152/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 100000 | 100000 | 19/19-20, 12.06.2019 |
| 6 | കാസാ റോഡ് മുതൽ കരിമ്പുമണ്ണടി വരെ കാളിപ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | S0154/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 100000 | 100000 | 10/19-20, 12.06.2019 |
| 7 | കളത്തിങ്കൽ മുതൽ വയലിൽ വരെ പൈപ്പ് ലൈൻ നീട്ടൽ | S0162/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 60000 | 57500 | 45/19-20, 17.12.2019 |
| 8 | പാമ്പരംകാവിൽ പൈപ്പ് ലൈൻ നീട്ടൽ | S0 163/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 60000 | 58500 | 46/19-20, 17.12.2019 |
| 9 | പുതുപ്പള്ളി വാട്ടുപുര റോഡിൽ പൈപ്പ്ലൈൻ നീട്ടൽ | S0210/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 100000 | 97900 | 50/19-20, 07.12.2019 |
| 10 | കുറിച്ചി ചാക്കേത്തോട്ടം പൈപ്പ്ലൈൻ നീട്ടൽ | S0 211/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 200000 | 194400 | 51/19-20, 20.01.2020 |
| 11 | കോങ്കോട്ടുപാറ ഷെഡുനട റോഡ് ലൈൻ നീട്ടൽ | S0212/20 | ധനകാര്യ കമ്മിഷൻ അവാർഡ് | 100000 | 98600 | 49/19-20, 17.12.2019 |
| 12 | പുറ്റത്തിപ്പാറ അങ്കണവാടിക്ക് കുടിവെള്ളം | S0166/20 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 50000 | 33000 | 48/19-20, 06.11.2019 |
| 13 | തേക്കുപാറ അങ്കണവാടിക്ക് കുടിവെള്ളം | S0167/20 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 25000 | 11600 | 47/19-20, 17.12.2019 |
| 14 | പന്ത അങ്കണവാടിക്ക് കുടിവെള്ളം | S0168/20 | മെയിന്റനൻസ് ഫണ്ട് റോഡിതരം | 25000 | 24000 | 28/19-20, 09.10.2019 |
| 15 | കടപ്പനമൂട് അങ്കണവാടിക്ക് കുടിവെള്ളം | S0170/20 | മെയിന്റനൻസ് ഫണ്ട് | 50000 | 50000 | 29/19-20, 09.10.2019 |

| | | | | | | |
|---|---|---|---|---|---|---|
| | | | റോഡിതരം | | | |
| 16 | ഐ കെ എം വിഹിതം അടയ്ക്കൽ | S0001/20 | വികസന ഫണ്ട് | 74230 | 74230 | 17/19-20, 07.08.2019 |
| 17 | എസ് എസ് എ വിഹിതം അടയ്ക്കൽ | S0002/20 | വികസന ഫണ്ട് | 200000 | 200000 | 18/19-20, 07.08.2019 |
| 18 | പി എം എ വൈ ഭവനനിർമ്മാണം - പട്ടികജാതി | S0024/20 | വികസന ഫണ്ട് -എസ് സി പി | 120000 | 120000 | 15/19-20, 07.08.2019 |

ഇു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം 33/ 15.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നിർവ്വഹണ ഏജൻസിക്ക് പണം കൈമാറുന്നതോടെ പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നില്ല. കൈമാറപ്പെട്ട പണം പ്രസ്തുത ആവശ്യത്തിനായി പൂർണ്ണമായും ഫലപ്രദമായി വിനിയോഗിച്ചു എന്ന് ഉറപ്പുവരുത്തുമ്പോൾ മാത്രമേ പദ്ധതി നിർവ്വഹണം ഫലപ്രദമാകുന്നുള്ളൂ. വിനിയോഗ സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ 1693530/- രൂപ തടസ്സപ്പെടുത്തുന്നു. ഇക്കാര്യത്തിൽ നിർവ്വഹണ ഉദ്യാഗസ്ഥനും മോണിറ്ററിംഗ് കമ്മിറ്റിയും സവിശേഷ ശ്രദ്ധ പുലത്തേണ്ടതുണ്ട്.

## 1-38 സൻസദ് ആദർശ് ഗ്രാം യോജന - അക്കൗണ്ടിംഗ് അപാകങ്ങൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി തനത് ഫണ്ടിൽ നിന്നും 150000/- രൂപയും മറ്റുള്ളവ എന്ന ഇനത്തിൽ 50000/- രൂപയും വകയിരുത്തി ആകെ 200000/- രൂപക്ക് 2019 - 20 ൽ സ്പിൽ ഓവർ ആയി ആസൂത്രണം ചെയ്ത സൻസദ് ആദർശ് ഗ്രം യോജന (സാഗി) പദ്ധതി (S0 171/20) യിൽ ഡാറ്റാ എൻട്രി നടത്തിയതിന് 31040/- രൂപ (സാംഖ്യ ബിൽ നം 0, റിക്വിസിഷൻ നം 502900720119024, തീയതി 24/08/2019), 45000/0 രൂപ (സാംഖ്യ ബിൽ നം 0, റിക്വിസിഷൻ നം 502900720119028, തീയതി 06/09/2019), 10860/- (സാംഖ്യ ബിൽ നം 0, റിക്വിസിഷൻ നം 502900720119031, തീയതി 05/10/2019) എന്നിങ്ങനെ ആകെ 86900/- രൂപയുടെ ചെലവ് ബന്ധപ്പെട്ട ഫയലിൽ കാണുന്നു. എന്നാൽ ഇവയുടെ ചെക്ക്, ചെലവ് പത്രികയിലെ രേഖപ്പെടുത്തൽ, ബിൽ ബുക്കിലെ രേഖപ്പെടുത്തൽ എന്നിവ ഇല്ല. പ്രസ്തുത പദ്ധതിയുടെ ചെലവിന്റെ വിശദാംശങ്ങളും ചെലവ് പത്രികയിൽ ചെലവ് രേഖപ്പെടുത്താത്തതിനുള്ള കാരണവും വ്യക്തമാക്കാൻ ഓഡിറ്റ് എൻക്വയറി നം 37/15.11.2021 മുഖേന ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. തനത് ഫണ്ടിൽ നിന്ന് ചെലവാക്കുന്ന വിവരം യഥാസമയം സാംഖ്യയിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്. സെക്രട്ടറി ഇക്കാര്യം ഉറപ്പാക്കേണ്ടതാണ്.

## 1-39 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യം മെച്ചപ്പെടുത്തേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.2.1, 3.2.2, 3.2.3, 3.4.2., 3.4.3. എന്നിവ അനുശാസിക്കും പ്രകാരമുള്ള സൗകര്യങ്ങളിൽ ചുവടെപ്പറയുന്ന കുറവുകളുണ്ട്.

| ക്രമ നം. | അപാകം | എണ്ണം |
|---|---|---|
| 1 | സ്വന്തമായി കെട്ടിടം ഇല്ലാത്തവ | 4 |
| 2 | വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 4 |
| 3 | സ്വന്തമായി സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്തവ | 1 |
| 4 | ചുറ്റുമതിൽ ഇല്ലാത്തവ | 2 |
| 5 | ഓട്ടോമാറ്റിക് ഗേറ്റ് ഇല്ലാത്തവ | 24 |
| 6 | റോഡിന് സമീപത്ത് അല്ലാത്തവ | 5 |
| 7 | കളിസ്ഥലം ഇല്ലാത്തവ | 2 |
| 8 | ഭിന്നശേഷിക്കാർക്കായി റാമ്പ് ഇല്ലാത്തവ | 20 |
| 9 | ശിശു സൗഹൃദ പെയിന്റിംഗ് ഇല്ലാത്തവ | 20 |
| 10 | ശിശു സൗഹൃദ ശുചിമുറി ഇല്ലാത്തവ | 20 |
| 11 | സൂപ്പർവൈസറുടെ ഫോൺനമ്പറോടുകൂടിയ | 24 |

| | | |
|---|---|---|
| | നെയിം ബോർഡില്ലാത്തവ | |
| 12 | ഓരോ കുട്ടിക്കും ബേബി ചെയറും മേശയും ഇല്ലാത്തവ | 24 |
| 13 | വാട്ടർ പ്യൂരിഫൈയർ ഇല്ലാത്തവ | 15 |
| 14 | കുടിവെള്ള സൗകര്യം, ജലസംഭരണി എന്നിവ ഇല്ലാത്തവ | 6 |

മേൽ ഉത്തരവു പ്രകാരം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയാണ് അങ്കണവാടികളുടെ വികസന കാര്യങ്ങൾക്കാവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത്. ആയതിനാൽ അപര്യാപ്തതകൾ പരിഹരിക്കാൻ ആവശ്യമായ നടപടികൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിൽ സ്വീകരിക്കേണ്ടതാണ്.

## 1-40 അങ്കണവാടികളുമായി ബന്ധപ്പെട്ട കമ്മിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ണ്ഡിക 3.3.3.l പ്രകാരം ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ഐ സി ഡി എസ് സൂപ്പർവൈസർ കൺവീനറായും ഗ്രാമപ്പഞ്ചായത്ത് സെക്രട്ടറി, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി), ഹെഡ്മാസ്റ്റർ (ജി.എൽ.പി.എസ്), ഒരു അങ്കണവാടി വർക്കർ, വി.ഇ.ഒ, കൃഷി ഓഫീസർ എന്നിവർ അംഗങ്ങളായും ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി രൂപവത്ക്കരിക്കേണ്ടതുണ്ട്. ഈ കമ്മിറ്റി രണ്ട് മാസത്തിലൊരിക്കൽ യോഗം ചേർന്ന് അങ്കണവാടികളുടെ പ്രവർത്തനത്തിന്റെ അവലോകനവും മേൽനോട്ടവും നിർവ്വഹിക്കേണ്ടതാണ്. 2019 -20 ൽ ഗ്രാമപ്പഞ്ചായത്തുതല ഐ.സി.ഡി.എസ് കോർഡിനേഷൻ കമ്മിറ്റി പ്രവർത്തിച്ചിട്ടില്ല. പ്രസ്തുത കമ്മിറ്റി രൂപപ്പെടുത്തി പ്രവർത്തനം നടത്താമെന്ന് ഓഡിറ്റ് എൻക്വയറി നം 2/ 06.11.2021 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എത്രയും വേഗം കമ്മിറ്റി രൂപപ്പെടുത്തി പ്രവർത്തനം മെച്ചപ്പെടുത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

02.06.2017 ലെ സർക്കാർ ഉത്തരവ് നം. 1830/2017/തസ്വഭവ ഖണ്ഡിക 3.3.4. പ്രകാരം വാർഡ് മെമ്പർ ചെയർപേഴ്സണായും അങ്കണവാടി വർക്കർ കൺവീനറായും എ.ഡി. എസ്. ലെ രണ്ട് പേർ, ആശാവർക്കർ, സമൂഹത്തിലെ മറ്റുള്ളവർ എന്നിവരെ ചേർത്ത് അങ്കണവാടി ലെവൽ മോണിറ്ററിംഗ് ആന്റ് സപ്പോർട്ടിംഗ് കമ്മിറ്റി എല്ലാ അങ്കണവാടികളിലും രൂപീകരിക്കേണ്ടതാണ്. 24 അങ്കണവാടികളിലായി ആകെ 288 യോഗങ്ങളാണ് ഒരു വർഷം ചേരേണ്ടത്. എന്നാൽ 2019- 20 ൽ 92 യോഗം മാത്രമേ ചേർന്നിട്ടുള്ളൂ. കൃത്യമായി യോഗം ചേരുന്നതു വഴി അങ്കണവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിയും. ആയതിനാൽ വരും വർഷങ്ങളിൽ കൃത്യമായി യോഗം ചേരാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-41 വൃദ്ധർക്ക് കട്ടിൽ പദ്ധതി - നടപടിക്രമത്തിൽ വീഴ്ച

2019- 20 ൽ നടപ്പാക്കിയ വൃദ്ധർക്ക് കട്ടിൽ പദ്ധതി (S0 148/20) യിൽ ചുവടെച്ചേർക്കുന്ന അപാകങ്ങൾ ഉണ്ട്.

1. 29.01.2018 ലെ സർക്കാർ ഉത്തരവ് നമ്പർ 11/2018/തസ്വഭവ പ്രകാരം അർഹരായ എല്ലാവരിലും നിന്ന് അപേക്ഷ സ്വീകരിച്ച് അപേക്ഷകളിൽ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം മാർക്കിട്ട് കരട് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കുകയും ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ അർഹതയും മുൻഗണനയും രണ്ട് ഉദ്യോഗസ്ഥർ ഫീൽഡ് ലെവൽ പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുകയും പരിശോധനയുടെയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് ലിസ്റ്റ് പുതുക്കുകയും വേണം. അപ്രകാരം പുതുക്കുന്ന ലിസ്റ്റ് പ്രസിദ്ധീകരിച്ച് ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനായി പത്ത് ദിവസത്തെ സമയം നല്കണം. ആക്ഷേപങ്ങൾ സ്വീകരിച്ച് പരിഷ്കരിച്ച കരട് ലിസ്റ്റ് അപേക്ഷകൾ സഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ അന്തിമ ലിസ്റ്റ് തയ്യാറാക്കി ഗ്രാമസഭ മിനിറ്റ്സിൽ ചേർക്കുകയും വേണം. അത്തരത്തിലുള്ള നടപടിക്രമങ്ങൾ പാലിച്ചതായി ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയെങ്കിലും വിശദാംശങ്ങളും പ്രസ്തുത അപേക്ഷകളും പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

2. കട്ടിലുകളുടെ സാമ്പിൾ പരിശോധനയുടെ വിശദാംശം ലഭ്യമല്ല. ഗുണമേന്മ സംബന്ധിച്ച് വനം വകുപ്പിന്റെ സാക്ഷ്യപത്രം വാങ്ങിയിട്ടില്ല. വനംവകുപ്പിന്റെ സാക്ഷ്യപത്രം വേണമെന്ന് അറിയില്ലായിരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയത്.

3. കട്ടിലുകൾ സ്റ്റോക്കിലെടുത്തിട്ടില്ല. അസറ്റല്ലാത്തതിനാലാണ് സ്റ്റോക്കിലെടുക്കാത്തതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ടു കൊടുത്ത ഓഡിറ്റ് എൻക്വയറി നം 44/ 15.11.2021ന് മറുപടി ലഭ്യമാക്കിയ മറുപടിയിൽ അപാകങ്ങളെ സാധൂകരിക്കുന്ന വാദങ്ങളോ തെളിവുകളോ ഇല്ലാത്തതിനാൽ മറുപടി അംഗീകരിക്കത്തക്കതല്ല. പദ്ധതി മാർഗ്ഗരേഖ അനുശാസിക്കും പ്രകാരം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാനും പദ്ധതിയുടെ ആനുകൂല്യം ഏറ്റവും അർഹരായവർക്കു തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പാക്കാനും ശ്രദ്ധിക്കേണ്ടതാണ്. പദ്ധതി നടപ്പാക്കുമ്പോൾ ആവശ്യമായ നടപടിക്രമങ്ങൾ പാലിക്കേണ്ടതും ആയത് സംബന്ധിച്ച രേഖകൾ കൃത്യമായി പരിപാലിക്കേണ്ടതുമാണ്. പദ്ധതി ആസൂത്രണശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് കമ്മിറ്റിയായി മാറേണ്ടതും കമ്മിറ്റി കൃത്യമായി പ്രവർത്തിച്ച് പദ്ധതിയുടെ നിർവ്വഹണം കുറ്റമറ്റതാക്കാൻ ശ്രമിക്കേണ്ടതുണ്ട്.

## 1-42 ഐ സി ഡി എസ് - ആസൂത്രണം ചെയ്ത പദ്ധതികൾ മുഴുവൻ നടപ്പാക്കുന്നില്ല

1. 2019 – 20 ൽ ശിശുവികസന മേഖലയിൽ ചുവടെപ്പറയുന്ന പദ്ധതികൾ വിഭാവനം ചെയ്ത് ഡി.പി.സി അംഗീകാരം നേടിയെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

| ക്രമ നം | പദ്ധതി | അടങ്കൽത്തുക | ഫണ്ട് |
|---|---|---|---|
| 1 | ഭിന്നശേഷിക്കാർക്ക് ട്രൈസ്കൂട്ടർ(40/19 - 20) | 639970 | വികസന ഫണ്ട് |
| 2 | സ്പീച്ച് ബിഹേവിയർ ഒക്കുപ്പേഷൻ തെറാപ്പി പ്രവർത്തനങ്ങൾ (27/ 19 – 20 ) | 100000 | വികസന ഫണ്ട് |
| 4 | വൃദ്ധർക്ക് കട്ടിൽ (46/ 19 – 20 ) | 5655000 | വികസന ഫണ്ട് |
| 5 | ശിശു സൗഹൃദപഞ്ചായത്ത് (139/ 19 – 20 ) | 150000 | വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത് |
| 6 | അനുപൂരക പോഷകാഹാര പദ്ധതി - എസ് റ്റി (220/19 - 20) | 102000 | ബ്ലോക്ക് പഞ്ചായത്ത് |

2.ചുവടെച്ചേർക്കുന്ന പദ്ധതികളിലെ ചെലവ് ശതമാനം കുറവാണ്.

| ക്രമ നം | പദ്ധതി | അടങ്കൽത്തുക | ഫണ്ട് | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | അങ്കണവാടി പോഷകാഹാരം (18/19 - 20) | 1600000 | വികസന ഫണ്ട്, കേന്ദ്രാവിഷ്കൃത ഫണ്ട് | 60 |
| 2 | സ്നേഹസ്പർശം മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് (19 /19 - 20) | 1140000 | വികസന ഫണ്ട്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് | 24.26 |
| 3 | ജാഗ്രതസമിതി ശക്തിപ്പെടുത്തൽ (SO 149/19 - 20) | 15695 | വികസന ഫണ്ട് | 8 |

വികസനഫണ്ടിൽ നിന്നും അലോട്ട്മെന്റ് ലഭ്യമായി പദ്ധതി ആസൂത്രണം ചെയ്ത് വകയിരുത്തിയിട്ടും, ചെലവ് ശതമാനം വളരെ കുറവാകുന്നത് പ്രസ്തുത മേഖലയിലെ വികസനത്തിന് ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധ വർദ്ധിപ്പിക്കേണ്ടതുണ്ട് എന്ന് വ്യക്തമാക്കുന്നു. മേൽ അപാകങ്ങൾക്ക് വിശദീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള ഓഡിറ്റ് എൻക്വയറി നം 3/06.11.2021ന് വിവിധ കാരണങ്ങൾ മറുപടിയിൽ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. എന്നാൽ പദ്ധതികൾ ആസൂത്രണം ചെയ്തശേഷം നടപ്പാക്കാത്തത് ഓഡിറ്റ് അംഗീകരിക്കുന്നില്ല. പദ്ധതികൾ പൂർണ്ണമായി നടപ്പാക്കി ജനത്തിനാവശ്യമായ സേവനം ലഭ്യമാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാൻ നിർവ്വഹണ

ഉദ്യോഗസ്ഥ, മോണിറ്ററിംഗ് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവ ശ്രദ്ധിക്കേണ്ടതും പഞ്ചായത്ത് കമ്മിറ്റി ഇക്കാര്യം ഉറപ്പാക്കേണ്ടതുമാണ്.

## 1-43 അങ്കണവാടി പൂരകപോഷകാഹാര പദ്ധതി - ചെലവ് രേഖകളിൽ പൊരുത്തക്കേട്

2019-20 സാമ്പത്തിക വർഷത്തെ അങ്കണവാടികളുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും വിവിധ പൊരുത്തക്കേടുകൾ ഉണ്ടെന്ന് വ്യക്തമാകുന്നു. രേഖകളുടെ ഉദാഹരണം ചുവടെ ചേർക്കുന്നു.

| ക്രമ നം | അങ്കണവാടി നം | ഇനം | മാസം | അങ്കണവാടി രജിസ്റ്റർ പ്രകാരമുള്ള അളവ് | വൗച്ചർ/ പഞ്ചായത്തുതല സ്റ്റോക്ക് പ്രകാരമുള്ള അളവ് |
|---|---|---|---|---|---|
| 1 | 94 | ശർക്കര | ഏപ്രിൽ | 10 കി | 15 കി |
| 2 | 112 | മുട്ട | ഏപ്രിൽ | 80 എണ്ണം | 85എണ്ണം |
| 3 | 112 | മുട്ട | മെയ് | 65 എണ്ണം | 85എണ്ണം |
| 4 | 108 | പാൽ | ഏപ്രിൽ | 7.800 Litre | 9.600 Litre |

മേൽ വിവരിച്ച വിധം പൊരുത്തക്കേടുകൾ കാണുന്നതിനും, അതിനെതിരെ നടപടി എടുക്കാത്തതിനും, തുക അനുവദിച്ചതിനും വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊടുത്ത ഓഡിറ്റ് എൻക്വയറി നം 27/11.11.2021 ചെറിയ പൊരുത്തക്കേടുകൾ ഉണ്ടെന്നും, ഇനി ആവർത്തിക്കാതിരിക്കാമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വർഷം മുഴുവനും ഉള്ള രേഖകൾ പരിശോധിച്ച് പൊരുത്തക്കേടുകൾ കണക്കാക്കി അതിന്റെ ക്രമക്കേടുകൾ പരിഹരിക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മേലിൽ ഇത്തരം ക്രമക്കേടുകൾ ഉണ്ടാകുന്നില്ലെന്ന് സൂപ്പർവൈസർ ഉറപ്പാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഇത്തരത്തിൽ അനുവദിച്ചുകുന്ന തുക നിർവ്വഹണ ഉദ്യോഗസ്ഥയുടെ വ്യക്തിപരമായ ബാദ്ധ്യതയായി കണക്കാക്കി സർച്ചാജ്ജ് നടപടി സ്വീകരിക്കുന്നതാണ്.

## 1-44 പാലിയേറ്റീവ് കെയർ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതാണ്

07.03.2019 ലെ സർക്കാർ ഉത്തരവ് (സാ ധാ) നം 553/2019 പ്രകാരമാണ് പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ നടപ്പാക്കേണ്ടത്. പദ്ധതിയുടെ നടത്തിപ്പിലെ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

പാലിയേറ്റീവ് പരിചരണം ആവശ്യമായി വരുന്നവർക്ക് സാമൂഹിക പിന്തുണ ഉറപ്പാക്കുന്നതിനായി പരിശീലനം ലഭിച്ച സന്നദ്ധ പ്രവർത്തകരുടെ ഒരു സംഘം ഓരോ വാർഡിലും രൂപവത്ക്കരിക്കേണ്ടതാണ്. (ഖ.2.2.3). ഇത്തരത്തിൽ സന്നദ്ധപ്രവർത്തകരുടെ സംഘത്തെ രൂപവത്ക്കരിച്ചിട്ടില്ല.

വാർഡുതല ആരോഗ്യ അവലോകന സമിതി യോഗങ്ങളിൽ ലിസ്റ്റിൽ ഉൾപ്പെട്ട ഓരോ രോഗിയുടെയും പരിചരണവും പ്രശ്നങ്ങളും ചർച്ച ചെയ്യുകയും വേണം. (ഖ 2.2.4). എന്നാൽ വാർഡുതല ആരോഗ്യ അവലോകന സമിതി യോഗങ്ങളിൽ പാലിയേറ്റീവ് പ്രവർത്തനം ചർച്ച ചെയ്യപ്പെടുന്നില്ല.

മാനസിക വൈകല്യമുള്ളവർക്ക് പകൽവീട്, മുതിർന്ന പൗരന്മാർക്ക് ഡേ കെയർ സംവിധാനം, പാരാപ്ലീജിയ രോഗികൾക്ക് തൊഴിലധിഷ്ഠിത പുനരധിവാസ പരിപാടികൾ തുടങ്ങിയവ സംഘടിപ്പിക്കാവുന്നതാണ്. (ഖ 2.4.8). ഇവ സംഘടിപ്പിച്ചിട്ടില്ല.

പി എം സി യോഗത്തിൽ പാലിയേറ്റീവ് പ്രവർത്തനങ്ങളിൽ സഹായിക്കാൻ കഴിവുള്ള വിദഗ്ദ്ധരെ പങ്കെടുപ്പിക്കാവുന്നതാണ്. (ഖ. 2.9.2). ഇത്തരം വിദഗ്ധരെ പങ്കെടുപ്പിക്കാൻ സ്വീകരിച്ച നടപടികൾ സ്വീകരിച്ചിട്ടില്ല.

തൊഴിൽപരമായി പുനരധിവസിപ്പിക്കാൻ കഴിയുന്ന രോഗികൾക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ പ്രവർത്തനങ്ങളും വാർഷിക പദ്ധതിയുടെ ഭാഗമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കമ്മിറ്റിയും തദ്ദേശ ഭരണ സ്ഥാപനവും നടപടി സ്വീകരിക്കേണ്ടതാണ്. (2.11). ഈ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല.

പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ മേൽ ഉത്തരവിൽ അനുശാസിക്കും പ്രകാരം കുറ്റമറ്റ വിധത്തിൽ നടപ്പാക്കാൻ ആവശ്യമായ നടപടികൾ കൈക്കൊള്ളേണ്ടതാണ്. സ്റ്റാന്റിംഗ് കമ്മിറ്റി ഇക്കാര്യത്തിൽ മേൽനോട്ടം നിർവ്വഹിക്കേണ്ടതാണ്.

## ഭാഗം -2

**__ഇല്ല**

## ഭാഗം -3

### 3-1 പദ്ധതി നിർവ്വഹണത്തിലുണ്ടായ 29681/- രൂപയുടെ അധിക ചെലവ് ഓഡിറ്റ് അംഗീകരിക്കുന്നില്ല

പ്രോജക്ട് നം. So 161/20 (122/18-19)

പദ്ധതിയുടെ പേര്: പട്ടികജാതിയിൽപ്പെട്ട ഹൈസ്കൂൾ കുട്ടികൾക്ക് മേശയും കസേരയും

നിർവ്വഹണോദ്യോഗസ്ഥൻ: വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, ഗ്രാമപഞ്ചായത്ത്

ഫണ്ടിനം: 1) വികസന ഫണ്ട് (എസ്.സി.പി): 74600/-രൂപ

2) തനത് ഫണ്ട് : 400/-രൂപ

ആകെ അടങ്കൽ: 75000/-രൂപ

ചെലവ് തുക: 74600/-രൂപ

ഭരണാനുമതി നമ്പരും തീയതിയും. 1/03.05.2019

ട്രഷറി ബിൽ നമ്പർ, തീയതി, തുക: 1) 21/05.02.2020 7640/-

2) 22/13.03.2020 66960/-

പ്രസ്തുത പദ്ധതിയുടെ നിർവ്വഹണത്തിന്റെ ഭാഗമായി മേശയും കസേരയും ലഭ്യമാമാക്കുന്നതിനു വേണ്ടി നിർവ്വഹണോദ്യോഗസ്ഥൻ അംഗീകൃത വ്യാപാരികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചതിന്റെ ഫലമായി മൂന്ന് ക്വട്ടേഷനുകൾ ലഭിച്ചെങ്കിലും ഏറ്റവും കുറഞ്ഞ തുക (4991/-രൂപ നിരക്ക്) ക്വാട്ടു ചെയ്ത എസ് എൽ വി എന്റർപ്രൈസസ്, ചിറക്കോണം, മുരുക്കുംപുഴ എന്ന സ്ഥാപനത്തെയാണ് തെരഞ്ഞെടുത്തത്. തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ കരാറിലേർപ്പെടാതെ ഈ സ്ഥാപനത്തിന്റെ അക്കൗണ്ടിലേയ്ക്ക് (നം. 6156201000035, IFS Code. CNRB0002906) 74600/- (7640+66960) രൂപ ക്രഡിറ്റ് ചെയ്യുകയാണുണ്ടായത്. 15 ഗുണഭോക്താക്കളെ ലക്ഷ്യമിട്ട് വിഭാവനം ചെയ്ത പദ്ധതിയാണെങ്കിലും 09 ഗുണഭോക്താക്കൾക്കു മാത്രമാണ് ഇതിന്റെ പ്രയോജനം ലഭിച്ചത്. 4991/-രൂപ (ഒരു മേശയുടെയും ഒരു കസേരയുടെയും വില) നിരക്കിൽ 09 മേശയും 09 കസേരയും നിർവ്വഹണോദ്യോഗസ്ഥൻ എസ് എൽ വി എന്റർപ്രൈസസിൽ നിന്നും വാങ്ങി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 44919/-രൂപ ചെലവു വന്നിട്ടുണ്ട്. ബാക്കിയുള്ള 29681/-(74600-44919) രൂപ എസ് എൽ വി എന്റർപ്രൈസസിന്റെ അക്കൗണ്ടിൽ അവശേഷിക്കുകയാണ്. പൊതുപണം (വികസന ഫണ്ട്) സ്വകാര്യ സ്ഥാപനത്തിന്റെ അക്കൗണ്ടിൽ കിടക്കുന്നത് ഒട്ടും ആശാസ്യമല്ല. ഈ സാഹചര്യത്തിൽ 29681/-രൂപയുടെ അധിക ചെലവുണ്ടായതായി ഓഡിറ്റ് വിലയിരുന്നു. ആയതിനാൽ 29681/-രൂപയുടെ ബാദ്ധ്യത നിർവ്വഹണോദ്യോഗസ്ഥനിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

പദ്ധതി നിർവ്വഹണത്തിലെ മറ്റു അപാകതകൾ

1. ഒരു അപേക്ഷയിലും അപേക്ഷകരുടെ ഒപ്പും തീയതിയും രേഖപ്പെടുത്തിയിട്ടില്ല

2. വാർഡ് മെമ്പറുടെ റിപ്പോർട്ടും നിർവ്വഹണോദ്യോഗസ്ഥന്റെ റിപ്പോർട്ടും അപേക്ഷയിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ഒരു ഗുണഭോക്താവൊഴികെ മറ്റു എട്ടു ഗുണഭോക്താക്കളും അവരുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

5. അംഗീകരിച്ച ക്വട്ടേഷൻ സമർപ്പിച്ച സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

6. പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ അപാകതകൾ സംബന്ധിച്ച് 11.11.2021 തീയതിയിൽ 22 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ അപാകതകളെല്ലാം പരിഹരിക്കുമെന്നും തുക മുഴുവൻ കൈമാറിയ ശേഷമാണ് അയോഗ്യരായ ഗുണഭോക്താക്കളെ ഒഴിവാക്കേണ്ട സാഹചര്യം ഉണ്ടായതിനാൽ അധികം നൽകിയ തുക എത്രയും വേഗം പലിശ സഹിതം തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ബന്ധപ്പെട്ട നിർവ്വഹണോദ്യോഗസ്ഥർ കൂടുതൽ ജാഗ്രതയോടെയും കാര്യക്ഷമതയോടെയും സുതാര്യതയോടെയും പ്രവർത്തിക്കേണ്ടതാണ്.

## ഭാഗം -4

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2019-20 | 21000 | ഹരിതഭവനം | 21000 | 0 |
| | | 184364 | ലൈഫ് (ജനറൽ) | 184364 | 0 |
| | | 381196 | ലൈഫ് (പട്ടികവർഗം) | 381196 | 0 |
| **ആകെ** | | **1186560** | | **1186560** | **0** |

ബ്ലോക്ക് പഞ്ചായത്ത്

| വിഹിതം നൽകിയ സ്ഥാപനം | 2018-19 B4 ഷെഡ്യൂൾ പ്രകാരമുള്ള മുന്നിരിപ്പ് | ലഭിച്ച തുക | 2019-20 RP7, RP-31 പ്രകാരം വരവ് | ആകെ | സുലേഖ പത്രിക പ്രകാരം ചെലവ്/ തിരിച്ചടവ് | 2019-20 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 1226407 | 1186560 | 2412967 | 1186560 | 1226407 | 1226407 |
| ബ്ലോക്ക്പഞ്ചായത്ത് | 287442 | 1628390 | 1915832 | 0 | 1915832 | 515242 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ലഭ്യമായതിന്റെയും ആയത് ചെലവഴിച്ചതിന്റെയും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാകാത്തതിനാൽ ആയതിന്റെ ആധികാരികത പരിശോധിക്കാൻ കഴിഞ്ഞില്ല.

### 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുക

സുലേഖ പത്രിക പ്രകാരം KWA നൽകിയ തുകയുടെ വിവരം.

| ക്രമ നം | പദ്ധതി | പദ്ധതി നം | നൽകിയ തുക |
|---|---|---|---|
| 1 | കാഞ്ചിമൂട് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | S0 45/20 | 148900 |
| 2 | കുറ്റിക്കൽ – പുതുപ്പള്ളിയിൽ പൈപ്പ് ലൈൻ നീട്ടൽ | S0 61/20 | 117900 |
| 3 | ചീനിക്കാല നെടുംപുല്ലി റോഡ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ രണ്ടാം | S0150/20 | 107000 |

| | | | |
|---|---|---|---|
| | ഘട്ടം | | |
| 4 | കോങ്കോട്ടപാറ ഷെഡ്ഡുനട റോഡ് കാളിപ്പാറ കുടിവെള്ള പദ്ധതി ലൈൻ നീട്ടൽ | S0151/20 | 100000 |
| 5 | പാമ്പരംകാവ് കോളനിയിലേക്ക് കാളിപ്പാറ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | S0152/20 | 100000 |
| 6 | കാസാ റോഡ് മുതൽ കരിമ്പുമണ്ണടി വരെ കാളിപ്പാറ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | S0154/20 | 100000 |
| 7 | കളത്തിങ്കൽ മുതൽ വയലിൽ വരെ പൈപ്പ് ലൈൻ നീട്ടൽ | S0162/20 | 57500 |
| 8 | പാമ്പരംകാവിൽ പൈപ്പ് ലൈൻ നീട്ടൽ | S0 163/20 | 58500 |
| 9 | പുതുപ്പള്ളി വാട്ടപുര റോഡിൽ പൈപ്പ്ലൈൻ നീട്ടൽ | S0210/20 | 97900 |
| 10 | കുറിച്ചി ചാക്കേത്തോട്ടം പൈപ്പ്ലൈൻ നീട്ടൽ | S0 211/20 | 194400 |
| 11 | കോങ്കോട്ടപാറ ഷെഡ്ഡുനട റോഡ് ലൈൻ നീട്ടൽ | S0212/20 | 98600 |
| 12 | പുറത്തിപ്പാറ അങ്കണവാടിക്ക് കുടിവെള്ളം | S0166/20 | 33000 |
| 13 | തേക്കുപാറ അങ്കണവാടിക്ക് കുടിവെള്ളം | S0167/20 | 11600 |
| 14 | പന്ത അങ്കണവാടിക്ക് കുടിവെള്ളം | S0168/20 | 24000 |
| 15 | കുടപ്പനമൂട് അങ്കണവാടിക്ക് കുടിവെള്ളം | S0170/20 | 50000 |
| | **ആകെ** | | **1299300** |

| **സ്ഥാപനം** | **2018-19 B-18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ്** | **2019-20 വർഷത്തെ നിക്ഷേപം RP47** | **ആകെ** | **സുലേഖ പത്രിക പ്രകാരം ചെലവ്** | **നീക്കിയിരിപ്പ്** | **2019-20 B-18ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| KWA | 2610000 | 0 | 2610000 | 1299300 | 3909300 | 3882928 |
| KSEB | 182237 | 0 | 182237 | 0 | 182237 | 182237 |
| PWD | 113000 | 0 | 113000 | 0 | 113000 | 113000 |

## 4-3 മൊബലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-4 വായ്പ/വായ്പ തിരിച്ചടവ്

| **വായ്പ വിവരം** | **ഉത്തരവ്/ നമ്പർ/ തീയതി** | **വർഷാരംഭത്തിൽ തിരിച്ചടയ്ക്കുവാൻ ബാക്കിയു** | **തൻവർഷം ലഭിച്ച തുക** | **തൻവർഷം അടച്ച തുക** | **തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക** |
|---|---|---|---|---|---|

| | | ണ്ടായിരുന്ന തുക | | | |
|---|---|---|---|---|---|
| EMS | സ.ഉ.(കൈ)275/2010/ തസ്വഭവ തീ.27.01.2010 | 1874478 | 0 | 143138 | 1691340 |
| KURDFC | - | 23768804 | 7505980 | - | 31274784 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല.

## 4-6. ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|
| 2014-15 | 2.5 | 2016-17 | അനുബന്ധം – 3 | - |
| 2015-16 | 2.1 | 2016-17 | അനുബന്ധം – 5 | - |

## 4-8 ചാർജ് സർചാർജ് നടപടികളുടെ വിവരം

ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 110,56,902 |
| ഓഡിറ്റ് വർഷത്തെ വരവ് | 740,79,211 |
| ആകെ | 851,36,113 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 741,30,233 |
| നീക്കിയിരിപ്പ് | 110,05,880 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 29,681 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 21,72,030 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 29,681 | ദീന.എസ്.ജി, വി.ഇ.ഒ രോഹിണി, എരികുന്നം,നെട്ടയം,മണികണ്ഠേശ്വരം. |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-30 | 3,12,500 | ഡോ.രഞ്ജിത്ത്.ആർ, വെറ്റിനറി സർജൻ. |
| 1-32 | 16,000 | ഡോ.രഞ്ജിത്ത്.ആർ, വെറ്റിനറി സർജൻ. |
| 1-33 | 1,40,000 | ഡോ.രഞ്ജിത്ത്.ആർ.കെ, വെറ്റിനറി സർജൻ. |
| | 10,000 | ഡോ.രഞ്ജിത്ത്.ആർ, വെറ്റിനറി സർജൻ. |
| 1-37 | 16,93,530 | ബി.കെ കൃഷ്ണകുമാർ, സെക്രട്ടറി |
| **ആകെ** | **21,72,030** | |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, ആകെ മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം.

ഇല്ല.

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടം/തടസ്സത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം.

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ദീന.എസ്.ജി, വി.ഇ.ഒ | വി.ഇ.ഒ അമ്പൂരി ഗ്രാമപഞ്ചായത്ത് | രോഹിണി, എരികുന്നം, നെട്ടയം, മണികണ്ഠേശ്വരം |
| 2 | ഡോ.രഞ്ജിത്ത്.ആർ, വെറ്റിനറി സർജൻ. | വെറ്റിനറി സർജൻ, അമ്പൂരി ഗ്രാമപഞ്ചായത്ത് | അശ്വതിഭവൻ, കള്ളിക്കാട്, കോലിയക്കോട്. |
| 3 | ഡോ.രഞ്ജിത്ത്.ആർ.കെ, വെറ്റിനറി സർജൻ. | വെറ്റിനറി സർജൻ,. അമ്പൂരി ഗ്രാമപഞ്ചായത്ത് | MVRA-A26 ഉഷാര, മണ്ണറക്കോണം, വട്ടിയൂർക്കാവ്. |
| 4 | ബി.കെ കൃഷ്ണകുമാർ, സെക്രട്ടറി | സെക്രട്ടറി, അമ്പൂരി ഗ്രാമപഞ്ചായത്ത് | സാന്ത്വനം, ആദർശംറോഡ്, ഇഞ്ചിവിള, പാറശ്ശാല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി 2/328/2003 | 8 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 3 | |
| 2003- | എൽ.എഫ്.റ്റി.ഡി.ജി.പി.2/884/2006 | 4 | |

| | | | |
|---|---|---|---|
| 04 | | | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1224/2007 | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1125/2008 | 5 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി 2/1051/2009 | 16 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി 2/748/2011 | 12 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2413/2012 | 11 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2640/2012 | 24 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി 2/2568/2013 | 10 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1863/14 | 22 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/881/2015 | 10 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി 2/1383/16 | 20 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2063/2016 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/2261/2018 തീയതി 14.01.2019 | 16 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1700/19 തീയതി 16.10.2019 | 23 | |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ അമ്പൂരി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്